29
വെള്ളി
ഏപ്രിൽ 2022
1197 മേടം 16
Vol 4 Issue No 140

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 07
www.keralapranamam.com
infokeralapranamam@gmail.com




# പെൻഷൻ പഴയപടിയാകും

## പെൻഷൻ പഴയപടിയാകും; പങ്കാളിത്തപെൻഷൻ ഒഴിവാക്കാൻ വിവിധ സംസ്ഥാനങ്ങൾ

**ന്യൂഡൽഹി:** പങ്കാളിത്തപെൻഷൻ ഒഴിവാക്കി പഴയ പെൻഷൻപദ്ധതിയിലേക്കുമടങ്ങാൻ പ്രതിപക്ഷപാർട്ടികൾ ഭരിക്കുന്ന സംസ്ഥാനങ്ങളുടെ തയ്യാറെടുപ്പ്. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലാണ് ആദ്യപടിയായുള്ള തീരുമാനം.പഴയ പെൻഷൻപദ്ധതി നടപ്പാക്കാൻ രാജസ്ഥാൻ സർക്കാർ കഴിഞ്ഞ ദിവസം ഉത്തരവിറക്കി. ഛത്തീസ്ഗഢ് സർക്കാർ തത്ത്വത്തിൽ അംഗീകരിച്ച തീരുമാനം വൈകാതെ ഉത്തരവായി ഇറങ്ങും.തമിഴ്നാട്, ഝാർഖണ്ഡ്, പഞ്ചാബ് എന്നിവയാണ് പഴയ പദ്ധതിയിലേക്ക് മടങ്ങാനൊരുങ്ങുന്ന മറ്റുസംസ്ഥാനങ്ങൾ. അതേസമയം, പെൻഷൻ പരിശോധനാസമിതി റിപ്പോർട്ടുസമർപ്പിച്ചിട്ടും ഇതുവരെയും കേരള സർക്കാർ തീരുമാനമെടുത്തിട്ടില്ല.പുതിയ പെൻഷൻപദ്ധതി അവലോകനം ചെയ്യാൻ നിയോഗിച്ച സമിതി ആറുമാസംമുമ്പ് റിപ്പോർട്ടുസമർപ്പിച്ചെങ്കിലും കേരളത്തിൽ ധനവകുപ്പ് പരിശോധന പൂർത്തിയാക്കിയിട്ടില്ല. ധനവകുപ്പിന്റെ ശുപാർശകൂടി പരിഗണിച്ചശേഷം ഇക്കാര്യത്തിൽ മന്ത്രിസഭ തീരുമാനമെടുക്കേണ്ടതുണ്ടെന്ന് ഉന്നതോദ്യോഗസ്ഥൻ പറഞ്ഞു.

സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ ക്ഷേമവും വികസനവും ലക്ഷ്യമിട്ടാണ് പഴയ പെൻഷൻ പദ്ധതിയിലേക്ക് മടങ്ങുന്നതെന്ന് രാജസ്ഥാൻ മുഖ്യമന്ത്രി അശോക് ഗഹ്ലോത്ത് പറഞ്ഞു. വിരമിക്കുന്നതിന് തൊട്ടുമുമ്പുള്ള മാസത്തെ ശമ്പളത്തിന്റെ 50 ശതമാനം തുക പെൻഷനായി ലഭിക്കുന്നതാണ് പഴയ പദ്ധതിയുടെ സവിശേഷത.ഇതിന്റെ ചുവടുപിടിച്ചാണ് ഛത്തീസ്ഗഢ് സർക്കാരിന്റെ നീക്കം. നടപ്പുസാമ്പത്തികവർഷംതന്നെ പദ്ധതി നടപ്പാക്കാനാണ് മുഖ്യമന്ത്രി ഭൂപേഷ് ബഘേലിന് കോൺഗ്രസ് നേതൃത്വം നൽകിയിട്ടുള്ള നിർദേശം. തമിഴ്നാട്, പഞ്ചാബ്, ഝാർഖണ്ഡ് സംസ്ഥാന സർക്കാരുകളാവട്ടെ പഴയ പെൻഷൻ പദ്ധതിയിലേക്കു മടങ്ങാനുള്ള ആവശ്യം പരിശോധിക്കാനായി പ്രത്യേകസമിതികളും രൂപവത്കരിച്ചിട്ടുണ്ട്.

തീരുമാനമെടുക്കാതെ കേരളം

കേരളത്തിൽ ഒന്നാം പിണറായി സർക്കാരിന്റെ അവസാനഘട്ടത്തിൽ രൂപവത്കരിച്ചതാണ് പ്രത്യേക സമിതി. പങ്കാളിത്ത പെൻഷൻ ഒഴിവാക്കി പഴയ രീതിയിലേക്കു മടങ്ങണമെന്ന് വ്യാപകമായി ആവശ്യമുയർന്ന പശ്ചാത്തലത്തിലായിരുന്നു ഈ തീരുമാനം. എന്നാൽ, റിപ്പോർട്ടുനൽകി ആറുമാസമായിട്ടും ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. 2004 ജനുവരി ഒന്നുമുതലാണ് കേന്ദ്രസർക്കാർ പങ്കാളിത്ത പെൻഷൻ നടപ്പാക്കിയത്. 2013 ഏപ്രിൽമുതലാണ് കേരളം പുതിയ പദ്ധതിയിലേക്കു മാറിയത്.



# വൈദ്യുതി നിയന്ത്രണം രണ്ടുദിവസത്തേക്ക് മാത്രമെന്ന് മന്ത്രി; 3 സ്വിച്ച് അണച്ച് സഹകരിക്കണമെന്ന് KSEB

**തിരുവനന്തപുരം:** സംസ്ഥാനത്ത് രാത്രികാലങ്ങളിൽ ഏർപ്പെടുത്തിയ വൈദ്യുതി നിയന്ത്രണം രണ്ട് ദിവസത്തേക്ക് മാത്രമെന്ന് വൈദ്യുതി മന്ത്രി കെ കൃഷ്ണൻകുട്ടി. കൽക്കരി ക്ഷാമം മൂലമുണ്ടായ നിലവിലെ പ്രതിന്ധി പരിഹരിക്കാൻ ബദൽ മാർഗം കണ്ടെത്തിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.


200 മെഗാവാട്ട് വൈദ്യുതിയുടെ കുറവാണ് സംസ്ഥാനത്ത് ഇപ്പോഴുള്ളത്. 15 മിനിറ്റ് നിയന്ത്രണം ഏർപ്പെടുത്തിയാൽ പ്രതിസന്ധി മറികടക്കാൻ സാധിക്കും. കൂടുതൽ വൈദ്യതി ലഭ്യമാക്കാൻ ആന്ധ്രയിലെ കമ്പനിയുമായി കരാറിലെത്തിയിട്ടുണ്ടെന്നും നിലവിലെ സാഹചര്യത്തിൽ കോഴിക്കോട്ടെ താപവൈദ്യുത നിലയം കൂടി പ്രവർത്തിപ്പിക്കുമെന്നും മന്ത്രി അറിയിച്ചു. വൈദ്യുതി ആവശ്യകതയിലുണ്ടായ വർദ്ധനവും കൽക്കരി ക്ഷാമം മൂലം താപവൈദ്യുത ഉൽപാദനത്തിലുണ്ടായ കുറവ് മൂലവും 10.7 ജിഗാവാട്ടിന്റെ ഉൽപാദനക്കുറവ് രാജ്യത്ത് നേരിടുന്നുണ്ട്. വൈകിട്ട് 6.30 മുതൽ 11.30 വരെ 4580 മെഗാവാട്ട് വൈദ്യുതി ആവശ്യകതയാണ് സംസ്ഥനത്ത് ഇന്ന് പ്രതിക്ഷിക്കുന്നത്. എന്നാൽ 400 മുതൽ 500 മെഗാവാട്ട് വരെ വൈദ്യുതിയുടെ ലഭ്യതക്കുറവ് ഉണ്ടാകുമെന്നാണ് കണക്കാക്കപ്പെടുന്നത്. വൈദ്യുതി നിയന്ത്രണം പരമാവധി കുറയ്ക്കാൻ രാത്രികാലത്ത് വൈദ്യുതി ഉപയോഗം പരമാവധി കുറച്ച് എല്ലാ ഉപഭോക്താക്കളും സഹകരിക്കണമെന്നും മന്ത്രി അഭ്യർഥിച്ചു.

നിലവിൽ 14 സംസ്ഥാനങ്ങളിൽ ഒരുമണിക്കൂറിലേറെ ലോഡ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. 200 മെഗാവാട്ട് വൈദ്യുതി ആന്ധ്രപ്രദേശിൽ നിന്നും സംസ്ഥാനത്തേക്ക് എത്തുകയും കോഴിക്കോട് താപവൈദ്യുത നിലയം പ്രവർത്തനക്ഷമമാവുകയും ചെയ്യുന്നതോടെ രണ്ട് ദിവസത്തിനുള്ളിൽ സാധാരണ നില കൈവരിക്കുമെന്ന് കെഎസ്ഇബി അറിയിച്ചു. നിലവിലെ സാഹചര്യത്തിൽ എല്ലാ ഉപഭോക്താക്കളും വൈകുന്നേരം ആറ് മുതൽ 11 വരെ വീട്ടിലെ മൂന്ന് സ്വിച്ച് അണച്ച് സഹകരിക്കണമെന്നും കെഎസ്ഇബി അഭ്യർഥിച്ചു.ഇന്നു വൈകീട്ട് 6.30നും 11.30നും ഇടയിൽ 15 മിനിറ്റ് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്താൻ സാധ്യതയുണ്ടെന്നാണ് കെഎസ്ഇബി അറിയിച്ചിട്ടുള്ളത്. നഗരപ്രദേശങ്ങളിലും ആശുപത്രി ഉൾപ്പെടയുള്ള അവശ്യസേവനങ്ങളെയും വൈദ്യുതി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.




# കെ-റെയിൽ: പിന്തുണയ്ക്കുന്നവരും കല്ലിടലിൽ അനുകൂലമല്ല

**തിരുവനന്തപുരം:** സിൽവർ ലൈനിനുവേണ്ടി സാമൂഹികാഘാതപഠനം നടത്തുന്നതിനുമുന്നോടിയായി സർവേകല്ലിടുന്നതിനോട് പദ്ധതിയെ അനുകൂലിക്കുന്നവർക്കും യോജിപ്പില്ല. തിരുവനന്തപുരത്തുനടന്ന സംവാദത്തിലാണ് ഇതുസംബന്ധിച്ച് സദസ്സിൽനിന്നുയർന്ന ചോദ്യങ്ങൾക്ക് പദ്ധതിയെ അനുകൂലിക്കുന്നവരിൽനിന്ന് വ്യക്തതയില്ലാത്ത മറുപടി ലഭിച്ചത്. കല്ലിടണമെന്നത് നിർബന്ധമല്ലെന്ന് റെയിൽവേ ബോർഡ് മുൻ അംഗം സുബോധ് കുമാർ ജെയിൻ സമ്മതിച്ചു. ജി.പി.എസ്. സഹായത്തോടെ പഠനം നടത്താവുന്നതേയുള്ളൂ. പക്ഷേ, കേരളത്തിന്റെ അവസ്ഥയെക്കുറിച്ച് തനിക്ക് നേരിട്ടറിയാത്തതിനാൽ ഇക്കാര്യത്തിൽ വ്യക്തമായ മറുപടി നൽകാനാവില്ലെന്ന് അദ്ദേഹം പറഞ്ഞു. പദ്ധതിയെ അനുകൂലിച്ച രഘുചന്ദ്രൻ നായരും കല്ലിടുന്ന രീതിയെ വിമർശിച്ചു. വീടിന്റെ അകത്തുകയറി കല്ലിടുന്ന രീതിയൊക്കെ പദ്ധതിക്ക് സഹായകമാവുമോ എന്ന് ആലോചിക്കണം. ജനങ്ങളെ വിശ്വാസത്തിലെടുത്തുവേണം സർവേനടപടികൾ നടത്താനെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. നാഷണൽ അക്കാദമി ഓഫ് ഇന്ത്യൻ റെയിൽവേസിലെ സീനിയർ പ്രൊഫസർ മോഹൻ എ. മേനോൻ മോഡറേറ്ററായിരുന്നു. ഹോട്ടൽ താജ് വിവാന്തയിലായിരുന്നു സംവാദം.



# ഇന്ധന നികുതി: മോദിക്കെതിരേ വിമർശനവുമായി കൂടുതൽ സംസ്ഥാനങ്ങൾ

**ന്യൂഡൽഹി:** പെട്രോൾ, ഡീസൽ നികുതി കുറയ്ക്കാൻ സംസ്ഥാനങ്ങൾ തയ്യാറാകണമെന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രസ്താവനക്കെതിരേ പ്രതിപക്ഷം ഭരിക്കുന്ന കൂടുതൽ സംസ്ഥാനങ്ങൾ രംഗത്തെത്തി. പെട്രോളിയം ഉത്പന്നങ്ങൾക്ക് കേന്ദ്രം സെസ് പിരിക്കുന്നതു ചൂണ്ടിക്കാട്ടി മുഖ്യമന്ത്രിമാർതന്നെ കടുത്തഭാഷയിൽ വിമർശനമുയർത്തി. ജി.എസ്.ടി. കൗൺസിൽയോഗം അടുത്തമാസം നടക്കാനിരിക്കേ പ്രതിപക്ഷ പ്രതിഷേധം യോഗത്തിൽ ഉയരും.

വിമർശനം ഇങ്ങനെ:

*സംസ്ഥാനങ്ങളോടു നികുതി കുറയ്ക്കണമെന്ന് ആവശ്യപ്പെടുന്ന പ്രധാനമന്ത്രി ലജ്ജിക്കണം. സംസ്ഥാനങ്ങളോട് ആവശ്യപ്പെടുന്നതിനുപകരം കേന്ദ്രത്തിന് എന്തുകൊണ്ട് നികുതി കുറച്ചുകൂടാ? 2014 മുതൽ തെലങ്കാനയിൽ ഇന്ധനനികുതി കൂട്ടിയിട്ടില്ല. കേന്ദ്രം നികുതി കൂട്ടിയെന്നു മാത്രമല്ല, സെസ് പിരിക്കുകയും ചെയ്യുന്നു.

**-കെ. ചന്ദ്രശേഖർ റാവു (തെലങ്കാന മുഖ്യമന്ത്രി)**

*42 ശതമാനം എക്സൈസ് തീരുവ സംസ്ഥാനങ്ങൾക്കു നൽകിയെന്ന് പ്രധാനമന്ത്രി പറയുന്നു. എന്നാൽ, മുഴുവൻ തുക നൽകിയിട്ടില്ലെന്ന് കണക്കുകൾ തെളിയിക്കുന്നു. നാലു ശതമാനമാണ് കേന്ദ്രം പിരിക്കുന്ന സെസ്. കഴിഞ്ഞ രണ്ടുവർഷമായി സംസ്ഥാനങ്ങൾക്ക് അതിന്റെ വിഹിതം ലഭിക്കുന്നില്ല.

-ഭൂപേഷ് ബാഘേൽ, ഛത്തീസ്ഗഢ് മുഖ്യമന്ത്രി

*ഡീസലിന് കേന്ദ്ര വാറ്റ് ലിറ്ററിന് 24.38 രൂപയാണ്. സംസ്ഥാന വാറ്റ് 22.37 രൂപയും. പെട്രോളിന് ലിറ്ററിന് കേന്ദ്രനികുതി 31.58 രൂപയും സംസ്ഥാന നികുതി 32.55 രൂപയുമാണ്. സംസ്ഥാനം നികുതി ഈടാക്കുന്നതുകൊണ്ടാണ് ഇന്ധനവില കൂടുന്നതെന്ന കേന്ദ്രവാദം ശരിയല്ല.

**-ഉദ്ധവ് താക്കറെ, മഹാരാഷ്ട്ര മുഖ്യമന്ത്രി**

*തെറ്റിദ്ധരിപ്പിക്കുന്നതാണ് അദ്ദേഹത്തിന്റെ പ്രസ്താവന. കഴിഞ്ഞ മൂന്നുവർഷമായി പെട്രോളിനും ഡീസലിനും ലിറ്ററിന് ഒരു രൂപവീതം ബംഗാളിൽ സബ്സിഡി നൽകുന്നു. കേന്ദ്രം 97,000 കോടി കുടിശ്ശിക നൽകാനുള്ളതിനെക്കുറിച്ച് പ്രധാനമന്ത്രി ഒന്നും പറഞ്ഞില്ല.

**-മമതാ ബാനർജി, പശ്ചിമബംഗാൾ മുഖ്യമന്ത്രി**

*കേന്ദ്രം നികുതി കുറയ്ക്കുന്നതിനു മുമ്പേ തമിഴ്നാട് പെട്രോളിന് മൂന്നുരൂപ വാറ്റുകുറച്ചു. ഇതുവഴി 1160 കോടി രൂപയാണ് വാർഷികനഷ്ടം. പെട്രോളിയം ഉത്പന്നങ്ങൾക്കുള്ള സെസും സർച്ചാർജും ഒഴിവാക്കാൻ കേന്ദ്രം തയ്യാറാവണം. അടിസ്ഥാനനികുതിയുമായി ബന്ധപ്പെടുത്തിയാൽ സംസ്ഥാനങ്ങൾക്കും അർഹമായ വിഹിതം ലഭിക്കും.

**-പളനിവേൽ ത്യാഗരാജൻ, തമിഴ്നാട് ധനമന്ത്രി**

കേന്ദ്രമന്ത്രി ഹർദീപ് പുരിയുടെ വാദങ്ങൾ: പശ്ചിമബംഗാൾ, മഹാരാഷ്ട്ര, ഡൽഹി സർക്കാരുകൾ വിമാന ഇന്ധനത്തിൽ 25 ശതമാനത്തിലേറെ നികുതി ഈടാക്കുന്നു. ബി.ജെ.പി. ഭരിക്കുന്ന യു.പി.യും നാഗാലാൻഡും കേന്ദ്രഭരണപ്രദേശമായ ജമ്മു-കശ്മീരുമാവട്ടെ ഒരു രൂപയും. വിമാനനിരക്ക് കുറയാത്തതിൽ അദ്ഭുതം വേണ്ട. ഇറക്കുമതി മദ്യത്തിനുപകരം പ്രതിപക്ഷ സംസ്ഥാനങ്ങൾ നികുതി കുറച്ചാൽ പെട്രോൾവില കുറയും. മഹാരാഷ്ട്ര സർക്കാർ ലിറ്ററിന് 32.15 രൂപ, രാജസ്ഥാൻ-29.10 രൂപ എന്നിങ്ങനെ ഈടാക്കുന്നു. അതേസമയം, യു.പി.യിൽ 16.50 രൂപയും ഉത്തരാഖണ്ഡിൽ 14.51 രൂപയും മാത്രം. പ്രതിഷേധങ്ങൾകൊണ്ട് വസ്തുതകളെ വെല്ലുവിളിക്കാനാവില്ല.



# ചമ്മീൻകെട്ടിലിറങ്ങിയ മൂന്നുവിദ്യാർഥികൾ ചെളിയിൽ താഴ്ന്നുമരിച്ചു

**ചാവക്കാട്:** തൃശ്ശൂർ ചാവക്കാട് ഒരുമനയൂരിൽ ചെമ്മീൻകെട്ടിലിറങ്ങിയ മൂന്നുവിദ്യാർഥികൾ ചെളിയിൽ താഴ്ന്നുമരിച്ചു. ചാവക്കാട് പാലയൂർ പള്ളിക്കടുത്ത് താമസിക്കുന്ന വരുൺ(16), സൂര്യ(16), മുഹ്സിൻ(16) എന്നിവരാണ് മരിച്ചത്.

കഴുത്താക്കൽ കായലിനു സമീപത്തെ ചെമ്മീൻകെട്ടിൽ ഇറങ്ങിയ ഇവർ ചെളിയിൽ താഴ്ന്നുപോവുകയായിരുന്നെന്നാണ് ഒപ്പമുള്ളവർ പറയുന്നത്. വ്യാഴാഴ്ച ഉച്ചയ്ക്കുശേഷമാണ് അപകടം നടന്നത്.

അഞ്ചുകുട്ടികളാണ് ഇവിടെ കുളിക്കാനിറങ്ങിയത്. ഇതിൽ രണ്ടുപേർ നേരത്തെ കയറിപ്പോയി. മറ്റ് മൂന്നുപേർ ചെളിയിൽ താഴുകയായിരുന്നു. ചെളിനിറഞ്ഞ പ്രദേശമാണ് ഇവിടം. ഫയർ ഫോഴ്സ് സ്ഥലത്തെത്തുന്നതിന് മുൻപേ തന്നെ മൃതദേഹങ്ങൾ നാട്ടുകാർ തന്നെ പുറത്തെത്തിച്ചിരുന്നു.



കേരള പ്രണാമം
editorialkeralapranamam@gmail.com

സത്യം വദ ധർമ്മം ചര

## നേർക്കാഴ്ച

ഇന്നു ചെയ്യുന്ന പ്രവർത്തിയെ ആശ്രയിച്ചിരിക്കും നിങ്ങളുടെ ഭാവി

മഹാത്മാ ഗാന്ധി



## വികസനം ഗുജറാത്ത് മോഡൽ

നിങ്ങളിൽ നിന്നും ഞങ്ങൾക്കൊന്നും പഠിക്കാനില്ല. നിങ്ങൾ ചെയ്യുന്നതെല്ലാം ശരിയല്ല. എന നിലപാട് സ്വീകരിക്കുമ്പോൾ അത് എന്ത് നിലപാടിന്റെ പുറത്താണ് എന്ന് പരിശോധിക്കേണ്ടതുണ്ട്. അത് എന്ത് എന്ന് പറയേണ്ടതുമുണ്ട്. അല്ലെങ്കിൽ എന്താ സംഭവിക്കാ? സംശയത്തിന്റെ മുൾമുനയിൽ നിറുത്തും.പല നിർണായക കാര്യങ്ങളിലും കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിക്കാനിരിക്കെ ഇത്തരത്തിലൊരു നീക്കം എന്തിന് വേണ്ടി? തെരഞ്ഞെടുപ്പ് കാലത്ത് മാത്രം ഞങ്ങൾ മികച്ചതെന്നും ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഇത് പോലൊരു വികസനം നടന്നിട്ടില്ലെന്ന് വാദിക്കുകയും ജയിക്കുകയും ചെയ്തു കൊണ്ട് ഒടുവിൽ അവിടെ പോയി മാതൃക പഠിക്കേണ്ടി വരുന്നത്.അക്കാര്യത്തിൽ ആ സംസ്ഥാനം മികച്ചതാണ് എന്നത് കൊണ്ടല്ലേ. എല്ലാം കാണുവാനും കേൾക്കുവാനും കഴിയുന്നിടത്ത് മാത്രമേ പുതിയ അറിവ് ലഭിക്കൂ. ആ അറിവ് എന്നത് മോദി പഠിച്ച സ്കൂളിലെ അറിവെന്നതാണ് പ്രശ്നമാകുന്നത്. ഇതെല്ലാം പഠനത്തിന്റെ ഭാഗമായെന്ന് വാദിക്കാം. അപ്പോൾ ഉയർന്ന് വരുന്ന ചോദ്യം ഭരിക്കാൻ ഇതും അനിവാര്യമാണോ എന്ന ചോദ്യമാണ്. എന്ത് കാര്യത്തിലാണ് അഭിപ്രായ സമന്വയം ഉണ്ടാകുന്നത്. പദ്ധ തികൾ നടപ്പാക്കുന്നതിൽ അത് തത്വത്തിൽ ഒന്നാകുമ്പോൾ പിന്നെ എന്ത് കാര്യത്തിലാണ് നിങ്ങൾക്ക് അഭിപ്രായ വ്യത്യാസമുള്ളത് വികസനത്തിന്റെ കാര്യത്തിലെന്ന് സമ്മതിക്കുമ്പോൾ അപ്പോൾ ഭൂരിഭാഗം കാര്യങ്ങളിലും ഈ അഭിയൈക്യം ഉണ്ടോ? അത് നിങ്ങൾ തുറന്നു പറയണം. പ്രസംഗത്തിൽ മാത്രം ആവേശം നിറച്ചത് കൊണ്ടായില്ല പ്രവൃത്തിയിൽ കൂടി അതിന്റെ പ്രതിഫലനം ഉണ്ടാകണം. അല്ലെങ്കിൽ നിങ്ങൾ തന്നെയായിരിക്കും സംശയത്തിന്റെ നിഴലയിൽ ഇത് രാഷ്ട്രീയമായി എതിർപക്ഷത്തിന് ഉപയോഗിക്കാൻ ലഭിക്കുന്ന അവസരമാണ് എന്ന ബോധ്യത്തിന്റെ പുറത്താണോ? എന്തെല്ലാം കാര്യത്തിലാണ് ഐക്യം രൂപപ്പെട്ടിട്ടുള്ളത്. മഴവില്ല് സംഖ്യമെന്ന് ആക്ഷേപത്തിന് എന്ത് ന്യായീകരണമാണ് ഉള്ളത്. ഞങ്ങൾ ചെയ്യുന്നത് മാത്രം ശരിയും നിങ്ങൾ ചെയ്യുന്നതെല്ലാം തെറ്റുമെന്ന ധാരണയെ എങ്ങനെ തിരുത്താം. നിങ്ങളുടെ എതിർപ്പിന്റെ അടിസ്ഥാനം കാലകാലങ്ങളിൽ മാറ്റം സംഭവിക്കുന്നുണ്ടോ? അതിലൂടെ നിലപാടുകളിൽ മാറ്റം സംഭവിച്ചിട്ടുണ്ടോ? തരാതരത്തിന് മാറുന്നവരെ നാട്ടിൽ പറയുന്ന പേരെന്താ? അങ്ങനെ വിളിക്കേണ്ടി വരില്ല. എന്ത് ഒത്തുതീർപ്പിനും തയ്യാറാണ് ഞങ്ങൾ പറയുന്ന കാര്യം ചെയ്ത് തന്നാൽ മതിയെന്ന അവസ്ഥയിലേക്ക് എത്തിച്ചേരുന്നത് എങ്ങനെ? അപ്പോഴും പാവങ്ങൾക്ക് വേണ്ടി എന്ന അടിത്തറയിൽ നിന്നുമാണോ നിലപാട് സ്വീകരിക്കുന്നത്. നിങ്ങൾക്ക് എന്തും എപ്പോഴും മാറ്റം വരുത്തുന്ന തരത്തിലേക്ക് മാറുവാൻ കഴിയുന്നുണ്ടെങ്കിൽ അത് നിങ്ങളുടെ നയവ്യതിയാനത്തിന്റെ കാര്യം. അതിലൂടെ ചേർന്ന് പോകുന്നത് അടിസ്ഥാന വർഗ്ഗത്തിന്റെ ആവശ്യങ്ങളാണോ? നിലപാടുകൾ ഒന്നായി തീരുന്നത് കൊണ്ട് സമൂഹത്തിന് എന്ത് ഗുണം അത് തന്നെയാന് പ്രധാനം. ആടിനെ പട്ടിയാക്കാനും പട്ടിയെ ആടാക്കാനും കഴിയും. ആർക്ക്?

# രാഷ്ട്രീയ എതിരാളികളും ചിന്താരംഗത്തെ എതിരാളികളും ഒരു പോലെ ആത്മാർത്ഥമായി ആദരിച്ച ഇ.എം.എസ്

**എ.സെബാസ്റ്റ്യൻ**



തെരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തിയ ആദ്യ കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രി, കമ്മ്യൂണിസ്റ്റ് സൈദ്ധാന്തികൻ, സാഹിത്യചിന്തകൻ, ഒന്നാംകിട എഴുത്തുകാരൻ, രാഷ്ട്രീയതന്ത്രജ്ഞൻ, രാഷ്ട്രീയ എതിരാളികളും ചിന്താരംഗത്തെ എതിരാളികളും ഒരു പോലെ ആത്മാർത്ഥമായി ആദരിച്ച ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാട് കേരളീയന്റെ ചിന്തയെയും പ്രതികരണത്തെയും തന്റെ ജീവിതകാലം മുഴുവൻ സ്വാധീനിച്ചു. ലളിതജീവിതവും ആദർശനിഷ്ഠയും രാഷ്ട്രീയ ജീവിതശുദ്ധിയും കൊണ്ട് ഗാന്ധിയനായിരുന്നു ആ മാർക്സിസ്റ്റ്. ജന്മസിദ്ധമായ വിക്കുണ്ടായിട്ടും ഇ.എം.എസ്സിന്റെ വാക്കുകൾ എന്നും കേരളത്തിൽ വിവാദങ്ങളും സംവാദങ്ങളും സൃഷ്ടിച്ചു. കരുതിക്കൂട്ടിപ്പറഞ്ഞ വാക്കുകളിലൂടെ രാഷ്ട്രീയ, സാംസ്കാരിക രംഗങ്ങളിൽ തർക്കങ്ങളും പിളർപ്പുകളും വാദകോലാഹങ്ങളും സൃഷ്ടിച്ചു കൊണ്ട് അദ്ദേഹം തന്റെ രാഷ്ട്രീയാശയങ്ങൾക്കും ലക്ഷ്യങ്ങൾക്കും പ്രാബല്യം നേടി. അദ്ദേഹം പറയുന്നതിന് ഓരോ നിമിഷവും കേരളം കാതുകൂർപ്പിച്ചിരുന്നു. എട്ടു പതിറ്റാണ്ടു കാലത്തെ ജീവിതത്തിൽ ഇ.എം.എസ് നടന്ന വഴികൾ കേരളത്തിന്റെ തന്നെ ചരിത്രമാണ്. സ്വയം ചരിത്രം രചിക്കുകയും ചരിത്രത്തെ ഒപ്പം നടത്തുകയും ചെയ്ത അദ്ദേഹത്തോളം സ്വാധീനം ചെലുത്തിയ മറ്റൊരു രാഷ്ട്രീ യ നേതാവും ആധുനിക കേരളത്തിലില്ല. മലപ്പുറം ജില്ലയിൽ ഏലംകുളം മനയിൽ പരമേശ്വരൻ നമ്പൂതിരിയുടെയും വിഷ്ണുദത്ത അന്തർജനത്തിന്റെയും മകനായി1909 ജൂൺ13-ന് ജനനം. കോളേജ് പഠനകാലത്ത് നിയമലംഘന പ്രസ്ഥാനമാരംഭിച്ചപ്പോൾ അതിൽ പങ്കെടുക്കാനായി പഠനം പൂർത്തിയാക്കാതെ കോളേജ് വിട്ടു. നമ്പൂതിരി യോഗക്ഷേമ സഭയുമായി ബന്ധപ്പെട്ടാണ് ഇ.എം.എസ്സിന്റെ പൊതുജീവിതം ആരംഭിക്കുന്നത്. വിധവാ വിവാഹം, കുടുമ മുറിക്കൽ, സ്ത്രീവിദ്യാഭ്യാസം തുടങ്ങിയവയെ പ്രോത്സാഹിപ്പിച്ച് നമ്പൂതിരി സമുദായത്തെ നവീകരിക്കുക യായിരുന്നു സഭയുടെ ലക്ഷ്യം. സഭാപ്രവർത്തനങ്ങൾ അദ്ദേഹത്തെ ദേശീയ പ്രസ്ഥാനത്തിലേക്കു നയിച്ചു. കോഴിക്കോട് കടപ്പുറത്ത് ഉപ്പുകുറുക്കി നിയമം ലംഘിച്ചതിന് പോലീസ് അറസ്റ്റ് ചെയ്തു. മൂന്നുകൊല്ലം തടവും നൂറുരൂപ പിഴയും ശിക്ഷ കിട്ടി.ജയിൽ ജീവിത്തോടെ ഇ.എം.എസ് വകോൺഗ്രസ്സിലെ ഇടതുപക്ഷത്തേക്കു നീങ്ങി. 1934-ൽ പട്നയിൽ ചേർന്ന സോഷ്യലിസ്റ്റ് സമ്മേളനത്തിൽ പങ്കെടുത്തു. തുടർന്ന് 1037-ൽ കോഴിക്കോട് രഹസ്യയോഗം ചേർന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളഘടകം രൂപീകരിച്ചു.1950-കൾ മുതൽ മരണംവരെയും കേരളരാഷ്ട്രീയത്തിന്റെ ചാലകശക്തി ഇ.എം.എസ്സ് തന്നെയായിരുന്നു. ഓരോ കാലത്തും അദ്ദേഹം ഉയർത്തിയ വാദങ്ങളും സ്വീകരിച്ച തന്ത്രങ്ങളും തെരഞ്ഞെടുപ്പുകളെയും മന്ത്രിസഭകളെയും സ്വാധീനി ച്ചു. അവസാന കാലത്ത് ഇ.എം.എസ്സ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ അമരക്കാരനായാണു പ്രവർത്തിച്ചത്.നിരന്തരം പ്രസംഗിക്കുകയും ധാരാളമായി എഴുതുകയും വായിക്കുകയും രാഷ്ട്രീയ, സാഹിത്യ, സാംസ്കാരിക സംവാദങ്ങളിൽ ഏർപ്പെടുകയും ചെയ്തുകൊണ്ടിരുന്നു.ചിന്തകനും എഴുത്തുകാരനുമായി ക്ഷോഭിച്ച ആ പൊൻതൂവലിൽ നിന്നും ഇംഗ്ലീഷിൽ 20പുസ്തകങ്ങളും മലയാളത്തിൽ 77പുസ്തകങ്ങളും അദ്ദേഹം രചിച്ചു. ചരിത്രം, രാഷ്ട്രീയം, സാഹിത്യം എന്നീ മൂന്നു മേഖലകളിൽ പെടുന്നവയാണ് ഇ.എം.എസ്സിന്റെ കൃതികൾ. കേരളം മലയാളികളുടെ മാതൃഭൂമി, ഗാന്ധിയും ഗാന്ധിസവും, മാർക്സിസവും മലയാള സാഹിത്യവും ഇന്ത്യൻ സ്വാതന്ത്ര്യസമരം, കമ്മ്യൂണിസ്റ്റു പാർട്ടി കേരളത്തിൽ(രണ്ടുഭാഗം),മാർക്സിസവും സാഹിത്യവും, നവോത്ഥാനവും മലയാള സാഹിത്യവും, നാഷണൽ ക്വസ്റ്റ്യൻ ഇൻ കേരള, എ ഹിസ്റ്ററി ഓഫ് ഇന്ത്യൻ ഫ്രീഡം സ്ട്രഗ്ൾ എന്നിവയാണ് പ്രധാന കൃതികൾ. സാഹിത്യത്തിലും ചരിത്രപഠനത്തിലും എന്നും കടുത്ത യാഥാസ്ഥിതിക മാർക്സിസ്റ്റ് നിലപാടുകളാണ് അദ്ദേഹം സ്വീകരിച്ചിരുന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടിക്കു സമർപ്പിച്ചതായിരുന്നു ഇ.എം.എസ്സിന്റെ ജീവിതം.1941-ൽ ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രസമിതിയിലും 1950-ൽ പോളിറ്റ് ബ്യൂറോയിലും അംഗമായി. 1964-ൽ പാർട്ടി പിളർന്നപ്പോൾ സി.പി.ഐ(എം)ലാണ് നിലയുറപ്പിച്ചത്. യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി സി.പി.ഐ(എം) ആണെന്ന് ചൈന പ്രഖ്യാപിച്ചതോടെ പാർട്ടി നേതാക്കളും പ്രവർത്തകരും കൂട്ടത്തോടെ അറസ്റ്റ് ചെയ്യപ്പെട്ടു.1965-ൽ ഇ.എം.എസ്സും അറസ്റ്റിലായി. തിരുവനന്തപുരം സെട്രൽ ജയിലിലാണ് പാർപ്പിച്ചത്. 1978-ൽ അദ്ദേഹം പാർട്ടിയുടെ പരമോന്നത പദവിയായ ജനറൽ സെക്രട്ടറി സ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെട്ടു. 13വർഷം ആ സ്ഥാനത്ത് ഇരുന്നു. 1942-ൽ അദ്ദേഹം തന്റെ സ്വത്തു മുഴുവൻ പാർട്ടിക്കു ദാനം ചെയ്തിരുന്നു.





# രാജിസന്നദ്ധത അറിയിച്ച് ശ്രീലങ്കൻ പ്രധാനമന്ത്രി മഹിന്ദാ രജപക്സെ

**കൊളംബോ:** ശ്രീലങ്കയുടെ പ്രതിസന്ധി പരിഹരിക്കാൻ രാജി സന്നദ്ധത പ്രകടിപ്പിച്ച് പ്രധാനമന്ത്രി മഹീന്ദ രജപക്സെ. സർവ്വകക്ഷി സർക്കാറെന്ന ഭരണകക്ഷിയുടെ പ്രശ്നപരിഹാര നിർദ്ദേശത്തിന് പ്രതിപക്ഷത്തെ അനുനയിപ്പിക്കാനാണ് മഹിന്ദയുടെ നീക്കം. പ്രധാനമന്ത്രി രാജി സമർപ്പിച്ചാൽ സ്വീകരിക്കുമെന്ന് സഹോദരനും പ്രസിഡന്റുമായ ഗോതാബയ രജപക്സെ അറിയിച്ചു. നാളെ സർവ്വകക്ഷി യോഗം വിളിച്ചതായി പ്രസിഡന്റ് ഗോതാബയ അറിയിച്ചു. കടുത്ത സാമ്ബത്തിക പ്രതിസന്ധിയിലേക്ക് കൂപ്പുകുത്തിയ ശ്രീലങ്ക ലോകരാഷ്ട്രങ്ങളുടെ സഹായത്തിനായി കേഴുകയാണ്. രാജ്യത്തെ നാശത്തിലേക്ക് നയിച്ചത് രജപക്സെ കുടുംബ ഭരണമാണെന്ന ആരോപണവുമായിട്ടാണ് രാജ്യത്ത് വൻപ്രക്ഷോഭമാണ് പ്രതിപക്ഷം നടത്തുന്നത്. ഇതിനിടെ ഭരണകക്ഷിയിലെ പല നേതാക്കളും രാജിവയ്ക്കുകയും നാടുവിടുകയും ചെയ്തത് രജപക്സെ കുടുംബത്തിന് വൻ തിരിച്ചടിയായിരിക്കുകയാണ്. സജിത് പ്രേമദാസയുടെ നേതൃത്വത്തിലുള്ള പ്രതിപക്ഷമാണ് മഹിന്ദയുടേയും ഗോതാബയ യുടേയും രാജി ആവശ്യപ്പെട്ട് പ്രക്ഷോഭത്തിന് നേതൃത്വം നൽകിയത്. ഇതിനിടെ വിദ്യാർത്ഥികളും യുവാക്കളും കക്ഷിരാഷ്ട്രീയ വ്യത്യാസമില്ലാതെ തെരുവിലിറ ങ്ങിയതോടെ പ്രക്ഷോഭം പലയിടത്തും അക്രമാസ്ക്തമായിരിക്കുകയാണ്. മൂന്നിലേറെ തവണ പ്രസിഡന്റിനേയും പ്രധാനമന്ത്രിയുടേയും വസതികൾക്ക് നേരെ ആക്രമണം നടന്നതും ഭരണകൂടത്തിന് നാണക്കേടായിരിക്കുകയാണ്.

## ഇസ്രയേൽ പ്രധാനമന്ത്രി നഫ്താലി ബന്നറ്റിനേയും കുടുംബത്തേയും വധിക്കുമെന്ന് ഭീഷണി

**ടെൽ അവീവ്:** ഇസ്രയേൽ പ്രധാനമന്ത്രിയേയും കുടുംബത്തേയും വധിക്കുമെന്ന ഭീഷണിക്ക ത്തിനൊപ്പം വെടിയുണ്ടയും. പ്രധാനമന്ത്രിയുടെ ഓഫീസിലേക്ക് വന്ന കത്തിലാണ് വെടി യുണ്ടയും അടക്കം ചെയ്തത്. കത്തിന്റെ ഉറവിടം തേടിയുള്ള അന്വേഷണം ആരംഭിച്ചതായി ഇസ്രായേൽ ആഭ്യന്തര വകുപ്പ് അറിയിച്ചു. 'പ്രധാനമന്ത്രി ബെന്നറ്റിനേയും കുടുംബത്തിനേയും വധിക്കുമെന്നാണ് കത്തിലുണ്ടായിരുന്നത്.



## ആറുമാസം ഗർഭിണിയായ 16കാരിയെ റഷ്യൻ സൈനികൻ ക്രൂരമായി പീഡിപ്പിച്ചു

**കീവ് :** യുക്രെയിനിൽ റഷ്യ നടത്തുന്ന അധിനിവേശത്തിനിടെ യുക്രെയിൻ പൗരൻമാരുടെ മനുഷ്യാവകാശങ്ങൾ ക്രൂരമായി ലംഘിക്കപ്പെടുന്നതായി റിപ്പോർട്ട്. ഗർഭിണിയായ കൗമാരക്കാരിയോട് റഷ്യൻ സൈനികന്റെ ക്രൂരതയാണ് ഇപ്പോൾ അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. പതിനാറ് കാരിയായ പെൺകുട്ടിയെ ക്രൂരമായിട്ടാണ് റഷ്യൻ ഭടൻ പീഡിപ്പിച്ചതെന്ന് സിഎൻഎൻ റിപ്പോർട്ട് ചെയ്യുന്നു. റഷ്യയുടെ നിയന്ത്രണത്തിലുള്ള കെർസൺ ഗ്രാമത്തിലാണ് സംഭവം. റഷ്യൻ സൈനിക ഇടപെടലിൽ ഒളിവിൽ കഴിയുന്ന ഗ്രാമവാസികൾ സന്ധ്യ മയങ്ങിയപ്പോൾ ഭക്ഷണത്തിനായി പുറത്തിറങ്ങിയപ്പോഴാണ് മദ്യപിച്ചെത്തിയ സൈനികൻ പീഡിപ്പിക്കാൻ ശ്രമിച്ചത്. 'ഒന്നുകിൽ നിങ്ങൾ ഇപ്പോൾ എന്റെ കൂടെ കിടക്കുക, അല്ലെങ്കിൽ ഞാൻ 20 പേരെ കൂടി കൊണ്ടുവരാം' എന്നാണ് പെൺകുട്ടിയെ സൈനികൻ ഭീഷണിപ്പെടുത്തിയത്. പതിനാറ് വയസുള്ള പെൺകുട്ടി ആറുമാസം ഗർഭിണിയായിരുന്നു. പീഡനത്തിനിടെ എതിർത്താൽ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി പെൺകുട്ടിയെ സൈനികൻ കഴുത്ത് ഞെരിച്ച് കൊലപ്പെടുത്താനും ശ്രമിച്ചു. ആദ്യം പെൺകുട്ടിയുടെ അമ്മയെയാണ് സൈനികൻ പിടികൂടിയത്. എന്നാൽ ഇവരെ പെട്ടെന്ന് വിട്ടയച്ചിതിന് ശേഷമാണ് പെൺകുട്ടിയെ കടന്ന് പിടിച്ച്വസ്ത്രം അഴിക്കാൻ ആവശ്യപ്പെട്ടത്. യുക്രെയിൻ അധികാരികൾ അന്വേഷണം നടത്തി സംഭവം സ്ഥിരീകരിച്ചിട്ടുണ്ട്. ഇത് യുദ്ധക്കുറ്റമാണെന്ന് റഷ്യക്കെതിരെ ആരോപണം ഉയർന്നിട്ടുണ്ട്.



## ബ്രക്സിറ്റിന്റെ പ്രയോജനം ഏറ്റവും കൂടുതൽ ഇന്ത്യക്കാർക്ക്

**ബെർലിൻ :** ബ്രിട്ടൻ യൂറോപ്യൻ യൂണിയൻ അംഗത്വം ഉപേക്ഷിച്ച നടപടിയുടെ യഥാർഥ ഫലങ്ങൾ പുറത്തു വന്നു തുടങ്ങുമ്പോൾ ഏറ്റവും കൂടുതൽ ഗുണം കിട്ടിയത് ഇന്ത്യയിൽ നിന്നുമുള്ള കുടിയേറ്റക്കാർക്കെന്ന് സൂചന. നാലര ലക്ഷം സ്റ്റുഡന്റ് വിസയും രണ്ടര ലക്ഷം വർക്ക് വിസയുമാണ് ബ്രിട്ടൻ കഴിഞ്ഞ വർഷം അനുവദിച്ചത്. ഇതിൽ ബഹുഭൂരിപക്ഷവും ലഭിച്ചിരിക്കുന്നത് യൂറോപ്യൻ യൂണിയനു പുറത്തുനിന്നുള്ളവർക്കാണ്. ഇതിൽ തന്നെ ഏറ്റവും കൂടുതൽ ചൈനക്കാർക്കും ഇന്ത്യക്കാർക്കും. 2021 ജനുവരി ഒന്നു മുതലാണ് യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിൽനിന്നുള്ളവർക്ക് ബ്രിട്ടനിലെത്താനുള്ള മാനദണ്ഡങ്ങൾ ഇതര രാജ്യങ്ങളിൽ നിന്നുള്ളവരുടേതിനു സമാനമാക്കിയത്. 2021ൽ 2,39,987 വർക്ക് വിസ അനുവദിച്ചു. മുൻ വർഷത്തെ അപേക്ഷിച്ച് 110 ശതമാനം കൂടുതലാണിത്. ഇതിൽ പതിമൂന്ന് ശതമാനം മാത്രമാണ് യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ളവർക്ക് ലഭിച്ചിട്ടുള്ളത്. 70,099 വർക്ക് വിസ ഇന്ത്യക്കാർക്കു ലഭിച്ചു. സ്ററുഡന്റ് വിസ അനുവദിക്കപ്പെട്ടത് 4,32,279 പേർക്ക്. ഇതും മുൻ വർഷത്തെ അപേക്ഷിച്ച് 89 ശതമാനം കൂടുതൽ. യൂറോപ്യൻ രാജ്യക്കാർക്ക് കിട്ടിയത് അഞ്ച് ശതമാനം മാത്രം. ഇന്ത്യക്കാർക്ക് 98,747 വിസ ലഭിച്ചു



## ചൈനയുടെ അപ്രമാദിത്വം അവസാനിപ്പിക്കാനുള്ള കരുത്തുറ്റ വ്യാപാര വാണിജ്യ പദ്ധതികളുമായി ഇന്ത്യ

**ന്യൂഡൽഹി :** ചെറുരാജ്യങ്ങളെ ചൈനയുടെ നീരാളിക്കൈകളിൽ നിന്നും രക്ഷപ്പെടുത്താനുള്ള പദ്ധതികൾ ആവിഷ്കരിച്ച്കേന്ദ്ര സർക്കാർ. ചൈനയുടെ അപ്രമാദിത്വം അവസാനിപ്പിക്കാനുള്ള കരുത്തുറ്റ വ്യാപാര വാണിജ്യ പദ്ധതികൾക്ക് ക്യാബിനറ്റ് രൂപം കൊടുത്തു. ആഗോളതലത്തിൽ, വാണിജ്യ മേഖലയിൽ ഇന്ത്യ കാര്യമായി ഇടപെടുകയാണ്. ഇതിന്റെ കരട് രൂപരേഖയാണ് ക്യാബിനറ്റ് യോഗത്തിൽ തയ്യാറായത്. ചെറുകിട രാജ്യങ്ങൾക്ക് കടം നൽകി അവയെ പയ്യെപ്പയ്യെ വിഴുങ്ങുന്ന ചൈനയുടെ 'ഡെബ്റ്റ് ട്രാപ്പ് ഡിപ്ലോമസി' എന്ന കടക്കെണിയിൽ നിന്നും രാഷ്ട്രങ്ങളെ സംരക്ഷിക്കാനുള്ള പദ്ധതിയാണിത്. കടം നൽകിയ ശേഷം തിരിച്ചടയ്ക്കാൻ സാധിക്കാതെ വന്നാൽ തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ തുടങ്ങിയ തന്ത്രപ്രധാനമായ സ്ഥലങ്ങൾ ആ രാജ്യങ്ങളിൽ നിന്നും എഴുതി വാങ്ങുന്ന പദ്ധതിയാണിത്. ചൈനീസ് നയങ്ങൾ അനുസരിക്കാൻ കൂട്ടാക്കിയില്ല എങ്കിൽ, ആ രാജ്യങ്ങൾക്ക് നേരെ അവർ ഉപരോധം ഏർപ്പെടുത്തും നിലവിൽ, 'ഏകീകൃത ചൈന' എന്ന സിദ്ധാന്തം അംഗീകരിക്കാനാവില്ല എന്നറിയിച്ച ലിത്വാനിയയ്ക്കു നേരെ ചൈന ഉപരോധം പ്രഖ്യാപിച്ചിരിക്കുകയാണ്. ചൈന അടിച്ചേൽപ്പിച്ചിരിക്കുന്ന വ്യാപാര ഉപരോധം മറികടക്കുന്നതിന് അവർക്ക് ഇന്ത്യയുടെ സഹായം കരുത്തേകും. ക്യാബിനറ്റ് പദ്ധതിയുടെ ആദ്യഘട്ടമായി ലിത്വാനിയയ്ക്കു സഹായം നൽകാനാണ് ഇന്ത്യയുടെ തീരുമാനം.



## റഷ്യയുടെ ഉക്രൈൻ അധിനിവേശം വംശഹത്യ ; പ്രമേയം പാസാക്കി കാനഡ

**കാനഡ :** റഷ്യയുടെ ഉക്രൈൻ അധിനിവേശവും അവിടെ നടത്തിയ ആക്രമണങ്ങളും വംശഹത്യയാണെന്ന് പ്രമേയം പാസാക്കി കാനഡ. കാനഡ നിയമനിർമാണസഭയാണ് ബുധനാഴ്ച പ്രമേയം പാസാക്കിക്കൊണ്ട് വോട്ട് ചെയ്തത്. റഷ്യ മനുഷ്യരാശിക്ക് നിരക്കാത്ത യുദ്ധകുറ്റകൃത്യങ്ങൾ ഉക്രൈനിൽ ചെയ്തു, എന്നതിന് തെളിവുകളുണ്ടെന്നും കനേഡിയൻ പാർലമെന്റംഗങ്ങൾ വ്യക്തമാക്കി. 'ദ കനേഡിയൻ ഹൗസ് ഓഫ് കോമൺസ്' ആയിരുന്നു പ്രമേയത്തിലൂടെ ഇത് സംബന്ധിച്ച് വോട്ടെടുപ്പ് നടത്തിയത്. കൂട്ട ആക്രമണങ്ങൾ, മനപൂർവം ഉക്രൈൻ പൗരന്മാരെ കൊല്ലുക, മൃതദേഹങ്ങളോട് അനാദരവ് കാണിക്കുക, കുഞ്ഞുങ്ങളെ ചൂഷണം ചെയ്യുക എന്നീ കുറ്റകൃത്യങ്ങൾ റഷ്യ ചെയ്തതായും കനേഡിയൻ പാർലമെന്റിൽ പറഞ്ഞു.നേരത്തെ ഉക്രൈനിലെ റഷ്യൻ ആക്രമണങ്ങളെ യു.എസ് പ്രസിഡന്റ് ജോ ബൈഡൻ വംശഹത്യയെന്ന് വിശേഷിപ്പിച്ചപ്പോൾ അതിനെ പിന്തുണച്ചുകൊണ്ട് കാനഡയുടെ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ രംഗത്തെത്തിയിരുന്നു.

SPECIAL-NEWS




# പട്നയിൽ ഒമിക്രോണിന്റെ പുതിയ വകഭേദം കണ്ടെത്തി

**പട്ന:** കോവിഡിന്റെ പുതിയ വകഭേദം പട്നയിൽ കണ്ടെത്തിയതായി ബിഹാർ ആരോഗ്യവകുപ്പ്. ഒമിക്രോണിന്റെ പുതിയ വകഭേമാണ് വ്യാഴാഴ്ച കണ്ടെത്തിയത്. ഇന്ദിരാ ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആണ് ഇതുസംബന്ധിച്ച സ്ഥിരീകരണം നടത്തിയത്. പുതിയ വകഭേദമായ BA.12, നേരത്തേ കണ്ടെത്തിയ BA.2വിനേക്കാൾ പത്തുമടങ്ങ് അപകടകാരിയാണ്. രാജ്യത്ത് മൂന്നാം തരംഗം കണ്ടെത്തിയ സമയത്താണ് BA.2 സ്ഥിരീകരിച്ചത്. വർധിച്ചുവരുന്ന കോവിഡ് കേസുകളുടെ പശ്ചാത്തലത്തിൽ ഒമിക്രോൺ വകഭേദത്തിന്റെ സാംപിളുകളുടെ ജെനോം സീക്വന്സിങ് നടത്തിവരികയായിരുന്നു എന്ന് ഇന്ദിരാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, എച്ച്ഒഡി ഡോ.നമ്രതാ കുമാരി പറഞ്ഞു. പതിമൂന്നോളം സാംപിളുകൾ പരിശോധിച്ചതിൽ ഒന്ന് BA.12 വകഭേദമായിരുന്നു. ബാക്കിയുള്ള പന്ത്രണ്ണം BA.2 വകഭേദമാണെന്നും നമ്രതാ കുമാരി പറഞ്ഞു. ഒമിക്രോൺ പോസിറ്റീവായവരുടെ സമ്പർക്കത്തിലുള്ളവരെ കണ്ടെത്താൻ അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. BA.12 വകഭേദം BA.2 വകഭേദത്തേക്കാൾ പത്തുമടങ്ങ് അപകടകാരിയാണ്. നിലവിൽ ഭയക്കേണ്ട കാര്യമില്ല. എന്നാൽ വകഭേദത്തിൽ നിന്ന് സംരക്ഷിക്കാനുള്ള മുൻകരുതലുകൾ ആവശ്യമാണെന്നും നമ്രതാ കുമാരി പറഞ്ഞു. BA.12 വകഭേദം ലോകത്താദ്യമായി സ്ഥിരീകരിച്ചത് യു.എസിലാണ്. ഡൽഹിയിൽ ഇതിനകം മൂന്നോളം പേർക്ക് BA.12 വകഭേദം സ്ഥിരീകരിച്ചിരുന്നു, പട്നയിൽ ആദ്യത്തേതാണ് ഇത്. ഒമിക്രോണ് വകഭേദത്തിന് ഡെല്റ്റയെക്കാള് വ്യാപനതോത് കൂടുതലാണെന്ന് നേരത്തേ റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു. ഒമിക്രോണിനെക്കാൾ കൂടുതൽ വ്യാപനശേഷിയാണ്BA2 എന്ന അതിന്റെ ഉപവകഭേദത്തിന്. അതിനേക്കാളും പത്തുമടങ്ങ് കൂടുതലാണ് BA.12വിന്റെ വ്യാപനശേഷി എന്നാണ് അധികൃതരുടെ കണ്ടെത്തൽ.ഇതുവരെ നടത്തിയ ജെനോം സീക്വന്സിങ് അനുസരിച്ച് രാജ്യത്ത് ജനുവരിയിലാണ് ഒമിക്രോൺ കേസുകൾ കൂടുതൽ കണ്ടെത്തിയത്. BA2 വകഭേദം കൂടുതലായി കാണപ്പെടുന്നത് എഷ്യയിലും യൂറോപ്പിലുമാണ്.




# മൂന്നാറിൽ വിനോദസഞ്ചാരി തൂങ്ങി മരിച്ച നിലയിൽ

**ഇടുക്കി :** മൂന്നാറിൽ വിനോദസഞ്ചാരിയായ യുവാവിനെ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തി. പഴയ മൂന്നാർ തിയറ്റർ ബസാറിന് സമീപത്തെ സ്വകാര്യ കോട്ടേജിലാണ് ശ്രീജേഷ് സോമൻ ധ30പ തൂങ്ങി മരിച്ചത്. ഏപ്രിൽ 14-നാണ് യുവാവ് സന്ദർശനത്തിനായി മൂന്നാറിലെത്തിയത്. 14 ദിവസമായി മൂന്നാറിലെ വിവിധ മേഖലകൾ സന്ദർശിച്ച യുവാവ് ഇന്നലെ വൈകുന്നേരം 11 മണിക്ക് കോട്ടേജ് ജീവനക്കാരൻ അരവിന്ദിനെ നേരിൽ കണ്ട് സംസാരിച്ചിരുന്നു. രാവിലെ മുറി തുറന്ന നിലയിലായിരുന്നു. യുവാവ് പോയിരിക്കാമെന്നാണ് കോട്ടേജ് ജീവനക്കാരൻ കരുതിയത്. എന്നാൽ മൂന്നാം നിലയിലെ വാട്ടർ ടാങ്കിന്റ സമീപത്ത് ശ്രീജേഷ് സോമനെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. തൃശൂർ കരിപ്പയൂർ കുന്നുംകുളം സ്വദേശിയാണ് ശ്രീജേഷ് സോമൻ.

# ഗുജറാത്ത് ഡാഷ്ബോർഡ് സംവിധാനത്തെ പുകഴ്ത്തി ചീഫ് സെക്രട്ടറി

**അഹമ്മദാബാദ്:** ഗുജറാത്തിലെ ഡാഷ് ബോർഡ് സംവിധാനം മികച്ചതാണെന്ന് ചീഫ് സെക്രട്ടറി വി പി ജോയി. വികസന പുരോഗതി വിലയിരുത്താൻ ഇത് ഏറെ കാര്യക്ഷമമാണെന്നും ഈ സംവിധാനത്തെ കുറിച്ച് മനസിലാക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്നും അദ്ദേഹം പറഞ്ഞു.ചീഫ് സെക്രട്ടറിയും അദ്ദേഹത്തിന്റെ സ്റ്റാഫ് ഓഫീസറായ ഐഎഎസ് ഉദ്യോഗസ്ഥൻ എൻ എസ് കെ ഉമേഷുമാണ് ഗുജറാത്തിൽ നേരിട്ടെത്തി ഡാഷ് ബോർഡ് സംവിധാനത്തെ കുറിച്ച് മനസിലാക്കിയത്. മുഖ്യമന്ത്രി പിണറായി വിജയന്റെ നിർദ്ദേശ പ്രകാരമാണ് ഇരുവരും ഡാഷ് ബോർഡിനെ കുറിച്ച് പഠിക്കാൻ പോയത്. തിരിച്ചെത്തിയാലുടൻ മുഖ്യമന്ത്രിക്ക് റിപ്പോർട്ട് നൽകും. മുഖ്യമന്ത്രി സിൽവർ ലൈൻ പദ്ധതിക്ക് അനുമതി തേടി സന്ദർശിച്ചപ്പോഴാണ്, ചുവപ്പുനാടയിൽ കുടുങ്ങാതെ പദ്ധതികൾ യഥാസമയം നടപ്പാക്കാൻ ഈ നിരീക്ഷണ സംവിധാനം നല്ലതാണെന്ന് പ്രധാനമന്ത്രി ഉപദേശിച്ചത്. മോദി മുഖ്യമന്ത്രിയായിരിക്കേ ജനങ്ങളുടെ പരാതികൾക്ക് പരിഹാരം കാണാൻ സ്വാഗത് എന്ന പേരിൽ വീഡിയോ കോൺഫറൻസ് സംവിധാനം നടപ്പാക്കിയിരുന്നു. പരാതിക്കാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അപ്പോൾത്തന്നെ സമാധാനം ബോധിപ്പിക്കുന്ന സംവിധാനമായിരുന്നു അത്. അതിനെ മാതൃകയാക്കി വിജയ് രൂപാണി മുഖ്യമന്ത്രിയായിരിക്കേ ഗുജറാത്തിനുവേണ്ടി വികസിപ്പിച്ചതാണ് ഡാഷ് ബോർഡ്. ഗുജറാത്ത് മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ വീഡിയോ സ്ക്രീനുകളടക്കം സ്ഥാപിച്ചാണ് സംവിധാനം പ്രവർത്തിക്കുന്നത്. ഇത് നടപ്പിലാക്കിയതിലൂടെ സർക്കാരിന്റെ വികസന പ്രവർത്തനങ്ങളിൽ വലിയ മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞതായാണ് ഗുജറാത്തിന്റെ അവകാശവാദം.അതേസമയം, ഡാഷ് ബോർഡ് സംവിധാനം പഠിക്കാൻ പോയതിന് പിന്നാലെ വിമർശനങ്ങളും ഉയർന്നിട്ടുണ്ട്. ഗുജറാത്തിലെ വികസന മാതൃക അംഗീകരിക്കാൻ തയ്യാറാകാതെ നിരന്തരം വിമർശിച്ചിരുന്നവർ, ഇപ്പോൾ അതു കേരളത്തിലും നടപ്പാക്കാൻ പോകുന്നുവെന്നാണ് പ്രതിപക്ഷത്തിന്റെ ആക്ഷേപം.



# കെ. റെയിൽ: ദിവസം 30,000 യാത്രക്കാർ മതി; പണം കിട്ടിക്കോളും; സുബോധ് കുമാർ ജയിൻ

**തിരുവനന്തപുരം:** സിൽവർ ലൈൻ കേരളത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമാണെന്ന വാദവുമായി ഇന്നു നടന്ന സിൽവർ ലാൻ സംവാദത്തിൽ അനുകൂല പാനലിസ്റ്റുകൾ. രാവിലെ പതിനൊന്ന് മണി മുതൽ ഒരു മണി വരെ രണ്ട് മണിക്കൂറാണ് സംവാദം നടന്നത്. കേരളത്തിൽ ഗതാഗതവികസനം അത്യാവശ്യമാണെന്ന കാര്യത്തിൽ ആർക്കും സംശയമില്ലെന്ന് സുബോധ് കുമാർ ജയിൻ തുടക്കമിട്ടു. കാറുകളില്ലാത്തവർക്കും യാത്ര ചെയ്യാനാകണം. കാറുകളുള്ളവർ കൂടി പൊതുഗതാഗതസംവിധാനത്തിലേക്ക് എത്തണം. അതിന് നല്ല സ്പീഡുള്ള ഗതാഗതസംവിധാനം വേണം. അതിലൂടെ വലിയ രീതിയിൽ പൊതുഗതാഗതസംവിധാനം വികസിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കെ.റയിൽ ഭാവിയിൽ ഫീഡർ ലൈനായി മാറും. ദിവസത്തിൽ 80,000 പേർ എങ്ങനെ യാത്ര ചെയ്യും എന്ന ചോദ്യമുയരുന്നു. ദിവസം 30,000 യാത്രക്കാർ തന്നെ വന്നാൽപ്പോരേ? ഇന്റർമോഡൽ ട്രാൻസ്ഫർ ആവശ്യമുണ്ട്. കൃത്യമായി ആളുകൾക്ക് അങ്ങനെ യാത്ര ചെയ്യാനാകണം. പണം കൃത്യമായി കിട്ടിക്കോളും. തിരിച്ചടവിന് പ്രാപ്തിയുള്ള സംസ്ഥാനമാണ് കേരളം. കേരളത്തിന്റെ ഭൂപ്രകൃതി വളരെ പ്രധാനമാണ്. ഇതനുസരിച്ച് യാത്ര ചെയ്യാൻ നമുക്ക് കൃത്യമായ അപ്ഗ്രേഡഡ് ടെക്നോളജി ആവശ്യമാണ്. ഭാവിയിലേക്ക് കൂടി കണക്കാക്കേണ്ട പദ്ധതിയാണിത്. പാത ഇരട്ടിപ്പിനെ നമുക്ക് കാത്തിരിക്കാനാകില്ല. അതിലടക്കം വലിയ രാഷ്ട്രീയമുണ്ട്. കേരളത്തിൽ നിന്ന് വലിയ ചരക്ക് ഗതാഗതമില്ല, അതിനാൽത്തന്നെ റെയിൽവേ




# ലഹരി വിരുദ്ധ ഗ്രാമം എന്റെ ഉത്തരവാദിത്വം : സെമിനാർ സംഘടിപ്പിച്ചു

**മാടക്കത്തറ :** ഗ്രാമപഞ്ചായത്തിൽ ലഹരി ഉപയോഗത്തിനെതിരായി ബോധവത്കരണ സെമിനാർ സംഘടിപ്പിച്ചു. 28.04.2022 ന് രാവിലെ 10.30 ന് തൃശ്ശൂർ ജില്ലാ ശിശുസംരക്ഷണ ഓഫീസർ മ്ഞ്ജു .പി.ജി ഉദ്ഘാടനം നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സണ്ണി ചെന്നിക്കര അധ്യക്ഷത വഹിച്ചു. സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻമാരായ സാവിത്രി.വി.പി, പ്രശാന്ത്.കെ.പി, പുഷ്പ ചന്ദ്രൻ, സെക്രട്ടറി രാജേശ്വരി മോഹനൻ, ഐസിഡിഎസ് സൂപ്പർവൈസർ ആൻസി ബിജോയ, അഞ്ജന എന്നിവർ സംസാരിച്ചു.ജില്ലാ ശിശു സംരക്ഷണ സമിതി പ്രോജക്ട് കോഡിനേറ്റർ ബീന.ടിവി. എക്സൈസ് ഓഫീസർ ശീരാഗ്. ആർ, മോഹൻകുമാർ എന്നിവർ ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളും നിയമവശങ്ങളും സംബന്ധിച്ച് ക്ലാസ്സുകൾ എടുത്തു. 16 വാർഡുകളിൽ നിന്നുള്ള ആശാ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ വളണ്ടിയേഴ്സ് എന്നിവർ പങ്കെടുത്തു.

# കുളിക്കാനിറങ്ങിയ രണ്ട് കുട്ടികൾ മുങ്ങിമരിച്ചു

**കോട്ടയം:** പേരൂരിൽ മീനച്ചിലാറ്റിൽ കുളിക്കാനിറങ്ങിയ രണ്ട് കുട്ടികൾ മുങ്ങിമരിച്ചു. പേരൂർ പള്ളിക്കുന്നേൽ കടവിലാണ് സംഭവം. മാന്നാനം സെന്റ് എഫ്രേംസ് സ്കൂൾ വിദ്യാർത്ഥി ചെറുവാണ്ടൂർ വെട്ടിക്കൽ വീട്ടിൽ സുനിലിന്റെ മകൻ നവീൻ (15), ഏറ്റുമാനൂർ ബോയ്സ് ഹൈസ്കൂൾ വിദ്യാർത്ഥി ചെറുവാണ്ടൂർ കിഴക്കേ മാന്തോട്ടത്തിൽ ലിജോയുടെ മകൻ അമൽ (16) എന്നിവരാണ് മരിച്ചത്. നാലു കുട്ടികളാണ് പള്ളിക്കുന്നേൽ കടവിൽ കുളിക്കാനെത്തിയത്. ഉച്ചയ്ക്ക് ഒരു മണിയോടെയാണ് അപകടമുണ്ടായത്. രണ്ടുപേർ ഒഴുക്കിപ്പെട്ട് കാൽവഴുതി മുങ്ങിത്താഴുകയായിരുന്നു. കുട്ടികളുടെ കരച്ചിൽ കേട്ട് സമീപവാസികൾ ഓടിയെത്തി രണ്ടുപേരെയും പുറത്തെടുത്തെങ്കിലും ഒരാൾ മരിച്ചിരുന്നു. ഒരു കുട്ടിയെ തെള്ളകത്തെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

കേരള പ്രണാമം








# പട്നയിൽ ഒമിക്രോണിന്റെ പുതിയ വകഭേദം കണ്ടെത്തി

**പട്ന:** കോവിഡിന്റെ പുതിയ വകഭേദം പട്നയിൽ കണ്ടെത്തിയതായി ബിഹാർ ആരോഗ്യവകുപ്പ്. ഒമിക്രോണിന്റെ പുതിയ വകഭേമാണ് വ്യാഴാഴ്ച കണ്ടെത്തിയത്. ഇന്ദിരാ ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആണ് ഇതുസംബന്ധിച്ച സ്ഥിരീകരണം നടത്തിയത്. പുതിയ വകഭേദമായ BA.12, നേരത്തേ കണ്ടെത്തിയ BA.2വിനേക്കാൾ പത്തുമടങ്ങ് അപകടകാരിയാണ്. രാജ്യത്ത് മൂന്നാം തരംഗം കണ്ടെത്തിയ സമയത്താണ് BA.2 സ്ഥിരീകരിച്ചത്. വർധിച്ചുവരുന്ന കോവിഡ് കേസുകളുടെ പശ്ചാത്തലത്തിൽ ഒമിക്രോൺ വകഭേദത്തിന്റെ സാംപിളുകളുടെ ജെനോം സീക്വന്സിങ് നടത്തിവരികയായിരുന്നു എന്ന് ഇന്ദിരാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, എച്ച്ഒഡി ഡോ.നമ്രതാ കുമാരി പറഞ്ഞു. പതിമൂന്നോളം സാംപിളുകൾ പരിശോധിച്ചതിൽ ഒന്ന് BA.12 വകഭേദമായിരുന്നു. ബാക്കിയുള്ള പന്ത്രണ്ടെണ്ണം BA.2 വകഭേദമാണെന്നും നമ്രതാ കുമാരി പറഞ്ഞു. ഒമിക്രോൺ പോസിറ്റീവായവരുടെ സമ്പർക്കത്തിലുള്ളവരെ കണ്ടെത്താൻ അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. BA.12 വകഭേദം BA.2 വകഭേദത്തേക്കാൾ പത്തുമടങ്ങ് അപകടകാരിയാണ്. നിലവിൽ ഭയക്കേണ്ട കാര്യമില്ല. എന്നാൽ വകഭേദത്തിൽ നിന്ന് സംരക്ഷിക്കാനുള്ള മുൻകരുതലുകൾ ആവശ്യമാണെന്നും നമ്രതാ കുമാരി പറഞ്ഞു. BA.12 വകഭേദം ലോകത്താദ്യമായി സ്ഥിരീകരിച്ചത് യു.എസിലാണ്. ഡൽഹിയിൽ ഇതിനകം മൂന്നോളം പേർക്ക് BA.12 വകഭേദം സ്ഥിരീകരിച്ചിരുന്നു, പട്നയിൽ ആദ്യത്തേതാണ് ഇത്. ഒമിക്രോണ് വകഭേദത്തിന് ഡെല്റ്റയെക്കാള് വ്യാപനതോത് കൂടുതലാണെന്ന് നേരത്തേ റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു. ഒമിക്രോണിനെക്കാൾ കൂടുതൽ വ്യാപനശേഷിയാണ്BA2 എന്ന അതിന്റെ ഉപവകഭേദത്തിന്. അതിനേക്കാളും പത്തുമടങ്ങ് കൂടുതലാണ് BA.12വിന്റെ വ്യാപനശേഷി എന്നാണ് അധികൃതരുടെ കണ്ടെത്തൽ.ഇതുവരെ നടത്തിയ ജെനോം സീക്വന്സിങ് അനുസരിച്ച് രാജ്യത്ത് ജനുവരിയിലാണ് ഒമിക്രോൺ കേസുകൾ കൂടുതൽ കണ്ടെത്തിയത്. BA2 വകഭേദം കൂടുതലായി കാണപ്പെടുന്നത് എഷ്യയിലും യൂറോപ്പിലുമാണ്.




# ഗുജറാത്ത് ഡാഷ്ബോർഡ് സംവിധാനത്തെ പുകഴ്ത്തി ചീഫ് സെക്രട്ടറി

**അഹമ്മദാബാദ്:** ഗുജറാത്തിലെ ഡാഷ് ബോർഡ് സംവിധാനം മികച്ചതാണെന്ന് ചീഫ് സെക്രട്ടറി വി പി ജോയി. വികസന പുരോഗതി വിലയിരുത്താൻ ഇത് ഏറെ കാര്യക്ഷമമാണെന്നും ഈ സംവിധാനത്തെ കുറിച്ച് മനസിലാക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്നും അദ്ദേഹം പറഞ്ഞു.ചീഫ് സെക്രട്ടറിയും അദ്ദേഹത്തിന്റെ സ്റ്റാഫ് ഓഫീസറായ ഐഎഎസ് ഉദ്യോഗസ്ഥൻ എൻ എസ് കെ ഉമേഷുമാണ് ഗുജറാത്തിൽ നേരിട്ടെത്തി ഡാഷ് ബോർഡ് സംവിധാനത്തെ കുറിച്ച് മനസിലാക്കിയത്. മുഖ്യമന്ത്രി പിണറായി വിജയന്റെ നിർദ്ദേശ പ്രകാരമാണ് ഇരുവരും ഡാഷ് ബോർഡിനെ കുറിച്ച് പഠിക്കാൻ പോയത്. തിരിച്ചെത്തിയാലുടൻ മുഖ്യമന്ത്രിക്ക് റിപ്പോർട്ട് നൽകും. മുഖ്യമന്ത്രി സിൽവർ ലൈൻ പദ്ധതിക്ക് അനുമതി തേടി സന്ദർശിച്ചപ്പോഴാണ്, ചുവപ്പുനാടയിൽ കുടുങ്ങാതെ പദ്ധതികൾ യഥാസമയം നടപ്പാക്കാൻ ഈ നിരീക്ഷണ സംവിധാനം നല്ലതാണെന്ന് പ്രധാനമന്ത്രി ഉപദേശിച്ചത്. മോദി മുഖ്യമന്ത്രിയായിരിക്കേ ജനങ്ങളുടെ പരാതികൾക്ക് പരിഹാരം കാണാൻ സ്വാഗത് എന്ന പേരിൽ വീഡിയോ കോൺഫറൻസ് സംവിധാനം നടപ്പാക്കിയിരുന്നു. പരാതിക്കാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അപ്പോൾത്തന്നെ സമാധാനം ബോധിപ്പിക്കുന്ന സംവിധാനമായിരുന്നു അത്. അതിനെ മാതൃകയാക്കി വിജയ് രൂപാണി മുഖ്യമന്ത്രിയായിരിക്കേ ഗുജറാത്തിനുവേണ്ടി വികസിപ്പിച്ചതാണ് ഡാഷ് ബോർഡ്. ഗുജറാത്ത് മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ വീഡിയോ സ്ക്രീനുകളടക്കം സ്ഥാപിച്ചാണ് സംവിധാനം പ്രവർത്തിക്കുന്നത്. ഇത് നടപ്പിലാക്കിയതിലൂടെ സർക്കാരിന്റെ വികസന പ്രവർത്തനങ്ങളിൽ വലിയ മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞതായാണ് ഗുജറാത്തിന്റെ അവകാശവാദം.അതേ സമയം, ഡാഷ് ബോർഡ് സംവിധാനം പഠിക്കാൻ പോയതിന് പിന്നാലെ വിമർശനങ്ങളും ഉയർന്നിട്ടുണ്ട്. ഗുജറാത്തിലെ വികസന മാതൃക അംഗീകരിക്കാൻ തയ്യാറാകാതെ നിരന്തരം വിമർശിച്ചിരുന്നവർ, ഇപ്പോൾ അതു കേരളത്തിലും നടപ്പാക്കാൻ പോകുന്നുവെന്നാണ് പ്രതിപക്ഷത്തിന്റെ ആക്ഷേപം.




# ട്രഷറിയിൽ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തി

**തിരുവനന്തപുരം:** ട്രഷറിയിൽ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തി സംസ്ഥാന സർക്കാർ. 25 ലക്ഷം രൂപയ്ക്കു മുകളിലുള്ള ബില്ലുകൾ പാസാക്കുന്നതിനാണ് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ധന അഡീഷനൽ ചീഫ് സെക്രട്ടറി ട്രഷറി ഡയരക്ടർക്ക് എഴുതിയ കത്ത് പുറത്തായി. ഇതാദ്യമായാണ് സാമ്പത്തിക വർഷത്തിന്റെ ആദ്യമാസം തന്നെ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തുന്നത്. ചൊവ്വാഴ്ച വരെ ദൈനംദിന ചെലവിന് അനുമതിയുണ്ടായിരുന്ന ഒരു കോടി രൂപയാണ് 25 ലക്ഷമായി വെട്ടിക്കുറച്ചിരിക്കുന്നത്. ഇന്നലെ രാവിലെ 11 മണിയോടെയാണ് ഇത് വെട്ടിച്ചുരുക്കിയത്. ഇന്നലെ ബിൽ ഇൻഫർമേഷൻ ആൻഡ് മാനേജ്മെന്റ്(ബിംസ്) സോഫ്റ്റ്വെയറിൽ ബിൽപരിധി കുറച്ചിരുന്നു. സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി വ്യക്തമാക്കുന്നതാണ് പുതിയ നിയന്ത്രണമെന്നാണ് കരുതപ്പെടുന്നത്. സർക്കാർ ജീവനക്കാരുടെ ശമ്പളം മുടങ്ങിയേക്കുമെന്ന ധനമന്ത്രി കെ.എൻ ബാലഗോപാലിന്റെ പ്രസ്താവനയ്ക്കു പിന്നാലെയാണ് സാമ്പത്തിക വർഷത്തിലെ ആദ്യ മാസത്തിലെ ഈ നിയന്ത്രണം. ബിംസ് സോഫ്റ്റ്വെയർ വഴിയാണ് ട്രഷറിയിലേക്ക് ബിൽ സമർപ്പിക്കുന്നത്. വിവിധ വകുപ്പുകളിലെ ഡ്രായിങ് ആൻഡ് ഡിസ്ബേഴ്സിങ് ഓഫിസർമാർ(ഡി.ഡി.ഒ) തങ്ങളുടെ വകുപ്പുകളിലെ ബില്ലുകൾ ബിംസിൽ അപ്ലോഡ് ചെയ്യാൻ ശ്രമിച്ചപ്പോഴാണ് പരിധി 25 ലക്ഷമാക്കി കുറച്ചത് ശ്രദ്ധയിൽപെട്ടത്. പരിധിക്കു മുകളിലുള്ള ബില്ലുകൾ മാറാൻ ധനവകുപ്പിന്റെ പ്രത്യേക അനുമതി വേണം. അടുത്ത മാസം പത്തുവരെ നിയന്ത്രണം തുടരുമെന്നാണ് അറിയുന്നത്.

# മൂന്നാറിൽ വിനോദസഞ്ചാരി തൂങ്ങി മരിച്ച നിലയിൽ

**ഇടുക്കി :** മൂന്നാറിൽ വിനോദസഞ്ചാരിയായ യുവാവിനെ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തി. പഴയ മൂന്നാർ തിയറ്റർ ബസാറിന് സമീപത്തെ സ്വകാര്യ കോട്ടേജിലാണ് ശ്രീജേഷ് സോമൻ ധ30പ തൂങ്ങി മരിച്ചത്. ഏപ്രിൽ 14-നാണ് യുവാവ് സന്ദർശനത്തിനായി മൂന്നാറിലെത്തിയത്. 14 ദിവസമായി മൂന്നാറിലെ വിവിധ മേഖലകൾ സന്ദർശിച്ച യുവാവ് ഇന്നലെ വൈകുന്നേരം 11 മണിക്ക് കോട്ടേജ് ജീവനക്കാരൻ അരവിന്ദിനെ നേരിൽ കണ്ട് സംസാരിച്ചിരുന്നു. രാവിലെ മുറി തുറന്ന നിലയിലായിരുന്നു. യുവാവ് പോയിരിക്കാമെന്നാണ് കോട്ടേജ് ജീവനക്കാരൻ കരുതിയത്. എന്നാൽ മൂന്നാം നിലയിലെ വാട്ടർ ടാങ്കിന് സമീപത്ത് ശ്രീജേഷ് സോമനെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. തൃശൂർ കരിപ്പയൂർ കുന്നുംകുളം സ്വദേശിയാണ് ശ്രീജേഷ് സോമൻ.



# കെ. റെയിൽ: ദിവസം 30,000 യാത്രക്കാർ മതി; പണം കിട്ടിക്കോളും; സുബോധ് കുമാർ ജയിൻ

**തിരുവനന്തപുരം:** സിൽവർ ലൈൻ കേരളത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമാണെന്ന വാദവുമായി ഇന്നു നടന്ന സിൽവർ ലാൻ സംവാദത്തിൽ അനുകൂല പാനലിസ്റ്റുകൾ. രാവിലെ പതിനൊന്ന് മണി മുതൽ ഒരു മണി വരെ രണ്ട് മണിക്കൂറാണ് സംവാദം നടന്നത്. കേരളത്തിൽ ഗതാഗതവികസനം അത്യാവശ്യമാണെന്ന കാര്യത്തിൽ ആർക്കും സംശയമില്ലെന്ന് സുബോധ് കുമാർ ജയിൻ തുടക്കമിട്ടു. കാറുകളില്ലാത്തവർക്കും യാത്ര ചെയ്യാനാകണം. കാറുകളുള്ളവർ കൂടി പൊതുഗതാഗതസംവിധാനത്തിലേക്ക് എത്തണം. അതിന് നല്ല സ്പീഡുള്ള ഗതാഗതസംവിധാനം വേണം. അതിലൂടെ വലിയ രീതിയിൽ പൊതുഗതാഗതസംവിധാനം വികസിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കെ.റയിൽ ഭാവിയിൽ ഫീഡർ ലൈനായി മാറും. ദിവസത്തിൽ 80,000 പേർ എങ്ങനെ യാത്ര ചെയ്യും എന്ന ചോദ്യമുയരുന്നു. ദിവസം 30,000 യാത്രക്കാർ തന്നെ വന്നാൽപ്പോരേ? ഇന്റർമോഡൽ ട്രാൻസ്ഫർ ആവശ്യമുണ്ട്. കൃത്യമായി ആളുകൾക്ക് അങ്ങനെ യാത്ര ചെയ്യാനാകണം. പണം കൃത്യമായി കിട്ടിക്കോളും. തിരിച്ചടവിന് പ്രാപ്തിയുള്ള സംസ്ഥാനമാണ് കേരളം. കേരളത്തിന്റെ ഭൂപ്രകൃതി വളരെ പ്രധാനമാണ്. ഇതനുസരിച്ച് യാത്ര ചെയ്യാൻ നമുക്ക് കൃത്യമായ അപ്ഗ്രേഡഡ് ടെക്നോളജി ആവശ്യമാണ്. ഭാവിയിലേക്ക് കൂടി കണക്കാക്കേണ്ട പദ്ധതിയാണിത്. പാത ഇരട്ടിപ്പിനെ നമുക്ക് കാത്തിരിക്കാനാകില്ല. അതിലടക്കം വലിയ രാഷ്ട്രീയമുണ്ട്. കേരളത്തിൽ നിന്ന് വലിയ ചരക്ക് ഗതാഗതമില്ല, അതിനാൽത്തന്നെ റെയിൽവേ

# കുളിക്കാനിറങ്ങിയ രണ്ട് കുട്ടികൾ മുങ്ങിമരിച്ചു


**കോട്ടയം:** പേരൂരിൽ മീനച്ചിലാറ്റിൽ കുളിക്കാനിറങ്ങിയ രണ്ട് കുട്ടികൾ മുങ്ങിമരിച്ചു. പേരൂർ പള്ളിക്കുന്നേൽ കടവിലാണ് സംഭവം. മാന്നാനം സെന്റ് എഫ്രേംസ് സ്കൂൾ വിദ്യാർത്ഥി ചെറുവാണ്ടൂർ വെട്ടിക്കൽ വീട്ടിൽ സുനിലിന്റെ മകൻ നവീൻ (15), ഏറ്റുമാനൂർ ബോയ്സ് ഹൈസ്കൂൾ വിദ്യാർത്ഥി ചെറുവാണ്ടൂർ കിഴക്കേ മാന്തോട്ടത്തിൽ ലിജോയുടെ മകൻ അമൽ (16) എന്നിവരാണ് മരിച്ചത്. നാലു കുട്ടികളാണ് പള്ളിക്കുന്നേൽ കടവിൽ കുളിക്കാനെത്തിയത്. ഉച്ചയ്ക്ക് ഒരു മണിയോടെയാണ് അപകടമുണ്ടായത്. രണ്ടുപേർ ഒഴുക്കിപ്പെട്ട് കാൽവഴുതി മുങ്ങിത്താഴുകയായിരുന്നു. കുട്ടികളുടെ കരച്ചിൽ കേട്ട് സമീപവാസികൾ ഓടിയെത്തി രണ്ടുപേരെയും പുറത്തെടുത്തെങ്കിലും ഒരാൾ മരിച്ചിരുന്നു. ഒരു കുട്ടിയെ തെള്ളകത്തെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

PRAVASI-WORLD




# ഓക്ലഹോമയിൽ നായ്ക്കളുടെ ആക്രമണം; 61 വയസ്സുകാരിക്ക് ദാരുണാന്ത്യം

**ഓക്ലഹോമ :** ഓക്ലഹോമയിലെ ഹരിയിൽ നായക്കളുടെ ആക്രമണത്തിൽ സ്ത്രീയ്ക്ക് ദാരുണാന്ത്യം. അനിതാ മിയേഴ്സിന് (61) ആണ് നായ്ക്കളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടത്. ഹരിയിലുള്ള കാറ്റ് ഫിഷ് ഡ്രൈവിൽ ഈ തിങ്കളാഴ്ചയാണ് ഇവരുടെ മൃതദേഹം കണ്ടെത്തിയത്. പ്രാഥമികാന്വേഷണത്തിൽ നിരവധി കുത്തുകളേറ്റിട്ടാണ് മരണം സംഭവിച്ചതെന്നായിരുന്നു പൊലീസിന്റെ നിഗമനം. ഏപ്രിൽ 26ന് ഓക്ലഹോമ കൗണ്ടി ഷെറിഫ് ടോമി ജോൺസൻ മാധ്യമങ്ങൾക്കു നൽകിയ പ്രസ്താവനയിൽ ഇവരുടെ മരണം നായ്ക്കളുടെ കൂട്ടായ ആക്രമണത്തിലാണെന്ന് സ്ഥിരീകരിച്ചു. സ്റ്റേറ്റ് മെഡിക്കൽ എക്സാമിനറുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ് മരണം കൊലപാതമല്ലെന്ന് ഷെറിഫ് അറിയിച്ചത്. വീട്ടിൽ വളർത്തുന്ന നായയുമായി നടക്കാൻ ഇറങ്ങിയ സമയത്താണ്, നായ്ക്കളുടെ ആക്രമണം ഉണ്ടായത് എന്നാണ് കരുതുന്നത്. ആക്രമണത്തിൽ ഇവരുടെ നായ്ക്കും പരുക്കേറ്റു. യജമാനനെ സംരക്ഷിക്കാൻ ശ്രമിക്കുന്നതിനിടയിലായിരിക്കും ഈ നായയും ആക്രമിക്കപ്പെട്ടതെന്നും പോലീസ് റിപ്പോർട്ടിൽ പറയുന്നു. സംഭവത്തെക്കുറിച്ചു ഓക്ലഹോമ ഷെറിഫ് ഓഫീസ് അന്വേഷണം ആരംഭിച്ചു.



# ഇ യു ദേവസ്യായുടെ നിര്യാണത്തിൽ ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സാസ് അനുശോചിച്ചു

**ഡാലസ്:** അമേരിക്കയിലെ പ്രമുഖ മാധ്യമ പ്രവർത്തകനും സാഹിത്യകാരനുമായ ബിനോയി സെബാസ്റ്റ്യന്റെ പിതാവ് ഇടപറമ്പിൽ ഇ യു ദേവസ്യായുടെ നിര്യാണത്തിൽ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സാസ് അനുശോചനം രേഖപ്പെടുത്തി. പിതാവിന്റെ മരണത്തിൽ, മക്കൾ ജോൺ സെബാസ്റ്റ്യൻ, ബിനോയ് സെബാസ്റ്റ്യൻ, അൽഫോൻസ സലുക്ക്, കുടുംബാംഗങ്ങൾ എന്നിവരുടെ ദുഃഖത്തിൽ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സാസ് കമ്മറ്റി പങ്കുചേരുന്നതായും അനുശോചനം അറിയിക്കുന്നതായും പ്രസിഡന്റ് സിജു വി ജോർജ്, സം മാത്യു, ബെന്നിജോൺ, സണ്ണി മാളിയേക്കൽ എന്നിവർ അറിയിച്ചു സംസ്കാരം വെള്ളിയാഴ്ച രണ്ടുമണിക്ക് ഏറ്റുമാനൂർ ക്രിസ്തുരാജ് പള്ളിയിൽ വെച്ച് നടക്കുന്നതാണെന്നു കുടുംബാംഗങ്ങൾ അറിയിച്ചു.



# കെ.സി.എ പ്രീമിയർ ലീഗ് ക്രിക്കറ്റ് ടൂർണമെൻറിന് തുടക്കം

**മനാമ:** കേരള കാത്തലിക് അസോസിയേഷൻ നടത്തുന്ന കെ.സി.എ പ്രീമിയർ ലീഗ് ക്രിക്കറ്റ് ടൂർണമെൻറ് ബഹ്റൈൻ മീഡിയ സിറ്റി ചെയർമാൻ ഫ്രാൻസിസ് കൈതാരത്ത് ഉദ്ഘാടനം ചെയ്തു.കെ.സി.എ അങ്കണത്തിൽ നടന്ന ചടങ്ങിൽ വിശിഷ്ടാതിഥി ബിയോൺ മണി കമ്യൂണിറ്റി മാനേജർ ടോബി മാത്യു കളിക്കാർക്ക് ആശംസ നേർന്നു. കെ.സി.എ പ്രസിഡൻറ് റോയ് സി. ആൻറണി ആധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി വിനു ക്രിസ്റ്റി സ്വാഗതവും സ്പോർട്സ് സെക്രട്ടറി വിനോദ് ഡാനിയേൽ നന്ദിയും പറഞ്ഞു. ലീഗ് അടിസ്ഥാനത്തിൽ 30ഓളം ടീമുകൾ ടൂർണമെൻറിൽ പങ്കെടുക്കും. ലീഗ് വിജയികൾ സെമിഫൈനൽ, ഫൈനൽ റൗണ്ടുകളിൽ മാറ്റുരക്കും. വിജയികൾക്ക് കാഷ് അവാർഡും ട്രോഫിയും നൽകും. വ്യക്തിഗത മികവിന് മാൻ ഓഫ് ദ സീരീസ്, മാൻ ഓഫ് ദ മാച്ച്(ഫൈനൽ), ബെസ്റ്റ് ബാറ്റ്സ്മാൻ, ബെസ്റ്റ് ബൗളർ അവാർഡുകളും സമ്മാനിക്കും. സ്പോർട്സ് സെക്രട്ടറി വിനോദ് ഡാനിയേലിൻെറ നേതൃത്വത്തിൽ ടൂർണമെൻറ് കൺവീനർ ആന്റോ ജോസഫ്, ഇവൻറ് ചെയർമാൻ ഷിജു ജോൺ എന്നിവരടങ്ങുന്ന ഓർഗനൈസിങ് കമ്മിറ്റിയാണ് മത്സരങ്ങൾ നിയന്ത്രിക്കുന്നത്. ജിതിൻ ജോസ്, രഞ്ജിത് തോമസ് എന്നിവർ ജോയന്റ് കൺവീനർമാരാണ്.




# ബഹ്റൈനിൽ വീണ്ടും കലോത്സവ നാളുകൾ

**മനാമ:** ബഹ്റൈനിൽ കലയുടെ സൗന്ദര്യം പൂത്തുലയുന്ന രാത്രികൾ വീണ്ടും ആഗതമാകുന്നു. കോവിഡ് മഹാമാരി സൃഷ്ടിച്ച അടച്ചുപൂട്ടലിൽനിന്ന് മോചനം നേടിവരുന്ന ആസ്വാദകരുടെ മുന്നിലേക്ക് കലയുടെ 12 ദിനങ്ങൾ അവതരിപ്പിക്കുകയാണ് ബഹ്റൈൻ കേരളീയ സമാജം. ഇന്ത്യൻ എംബസിയുടെ നേതൃത്വത്തിൽ ബഹ്റൈൻ സാംസ്കാരിക, പുരാവസ്തു അതോറിറ്റി, സൂര്യ സ്റ്റേജ് ആൻഡ് ഫിലിം സൊസൈറ്റി എന്നിവയുമായി സഹകരിച്ചു സംഘടിപ്പിക്കുന്ന പ്രഥമ ബി.കെ.എസ് ഇന്തോ–ബഹ്റൈൻ ഡാൻസ് ആൻഡ് മ്യൂസിക് ഫെസ്റ്റിവൽ കലാസ്വാദകർക്ക് അവിസ്മരണീയ വിരുന്നാണൊരുക്കുന്നത്. ഇന്ത്യൻ സ്വാതന്ത്ര്യലബ്ധിയുടെ 75ാം വാർഷികത്തിന്റെയും ബി.കെ.എസ് സ്ഥാപിതമായതിന്റെ 75ാം വർഷത്തിന്റെയും ഇന്ത്യയും ബഹ്റൈനും തമ്മിൽ നയതന്ത്രബന്ധം സ്ഥാപിച്ചതിന്റെ 50ാം വാർഷികത്തിന്റെയും സന്തോഷം ആഘോഷിക്കുകയാണ് ഈ കലോത്സവത്തിലൂടെയെന്ന് സമാജം പ്രസിഡൻറ് പി.വി. രാധാകൃഷ്ണ പിള്ള, ജനറൽ സെക്രട്ടറി വർഗീസ് കാരക്കൽ എന്നിവർ വാർത്ത സമ്മേളനത്തിൽ പറഞ്ഞു. മേയ് മൂന്നിന് ആരംഭിക്കുന്ന സാംസ്കാരികോത്സവം 14 വരെ നീണ്ടുനിൽക്കും. ഇന്ത്യയിലെ പ്രമുഖ കലാസംവിധായകനും ആസ്വാദകനുമായ സൂര്യ കൃഷ്ണമൂർത്തിയുടെ നേതൃത്വത്തിൽ ഒരുങ്ങുന്ന മെഗാ ഫെസ്റ്റിവൽ, വിവിധ കലാപ്രതിഭകളുടെ പ്രകടനങ്ങൾക്ക് സാക്ഷ്യംവഹിക്കും. പ്രവൃത്തിദിവസങ്ങളിൽ വൈകീട്ട് എട്ടിനും അവധിദിവസങ്ങളിൽ വൈകീട്ട് 7.30നും കലാപരിപാടികൾ ആരംഭിക്കും.ലോകപ്രശസ്ത സരോദ് ത്രയങ്ങളായ ഉസ്താദ് അംജദ് അലി ഖാൻ, അദ്ദേഹത്തിന്റെ മക്കളായ അമൻ അലി ബംഗാഷ്, അയാൻ അലി ബംഗാഷ്, ചലിക്കുന്ന വിരലുകൾകൊണ്ട് ആളുകളെ വിസ്മയിപ്പിക്കുന്ന രാജേഷ് വൈദ്യ, പ്രേക്ഷകരുടെ പ്രിയപ്പെട്ട കീബോർഡ് മാന്ത്രികൻ സ്റ്റീഫൻ ദേവസ്സി തുടങ്ങിയവർ പരിപാടികളുടെ മാറ്റുകൂട്ടും. ആദ്യ ദിനമായ മേയ് മൂന്നിന് അനൂപ് ജലോട്ടയുടെ ഗസൽ സംഗീതനിശയാണ് ഒരുക്കിയിട്ടുള്ളത്. മേയ് നാലിനാണ് ഔദ്യോഗിക ഉദ്ഘാടനം. ബഹ്റൈൻ സാംസ്കാരിക, പുരാവസ്തു അതോറിറ്റി കൾച്ചർ ആൻറ് ആർട്സ് ഡയറക്ടർ ജനറൽ ശൈഖ ഹാല ബിൻത് മുഹമ്മദ് ആൽ ഖലീഫയും ഇന്ത്യൻ അംബാസഡർ പീയൂഷ് ശ്രീവാസ്തവയും ചേർന്ന് ഉദ്ഘാടനം നിർവഹിക്കും. തുടർന്ന് സുഗതകുമാരിയുടെ 'കൃഷ്ണാ നീ എന്നെ അറിയില്ല' എന്ന ഗാനത്തെ ക്ലാസിക്കൽ നർത്തകി ആശാ ശരത് ഭാരതനാട്യത്തിലൂടെ അവതരിപ്പിക്കും.സ്റ്റീഫൻ ദേവസ്സിയും സംഘവും, ഉമയൽപുരം, ആറ്റുകാൽ ബാലസുബ്രഹ്മണ്യം, അമിത് നദിഗ് എന്നിവർ അണിനിരക്കുന്ന സംഗീത മായാജാലമാണ് മേയ് അഞ്ചിന് സദസ്സിലേക്കൊഴുകിയെത്തുക. പ്രശസ്ത വയലിൻ ജോടികളായ ഗണേഷും കുമരേഷും, മൃദംഗ വിദ്വാൻ പത്രി സതീഷ് കുമാറും ചേർന്ന് മേയ് ആറിന് ആസ്വാദകർക്ക് സംഗീതവിരുന്നൊരുക്കും. അഭിഷേക് രഘുറാമും സംഘവും നയിക്കുന്ന കർണാടക സംഗീതക്കച്ചേരിയാണ് മേയ് ഏഴിന് ഒരുക്കിയിട്ടുള്ളത്. സംഗീത വിദഗ്ധൻ നിത്യശ്രീ മഹാദേവനും സംഘവും മേയ് എട്ടിന് സംഗീതക്കച്ചേരി അവതരിപ്പിക്കും. വിദ്യശ്രീയുടെ 'ബുദ്ധ–ദി ഡിവൈൻ' എന്ന ബഹ്റൈനിൽനിന്നുള്ള നൃത്തനാടകമാണ് മേയ് ഒമ്പതിന് അരങ്ങിലെത്തുക. ദക്ഷിണേന്ത്യയിലെ പ്രിയങ്കരനായ ഗായകനും സംഗീത സംവിധായകനുമായ എം. ജയചന്ദ്രൻ, ശങ്കരൻ നമ്പൂതിരി, ശ്രീവൽസൻ ജെ. മേനോൻ, ലാലു സുകുമാർ എന്നിവരും സംഘവും മേയ് 10ന് ആസ്വാദകർക്ക് മെലഡിയുടെ വിരുന്നൊരുക്കും.മേയ് 11ന് ബഹ്റൈൻ സ്വദേശ കലാകാരന്മാർ അവതരിപ്പിക്കുന്ന പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളത്. ഖലീൽ അലഷാറിന്റെ കഥക് അവതരണവും തുടർന്ന് മജാസ് ബഹ്റൈൻ ബാൻഡ് അവതരിപ്പിക്കുന്ന സംഗീതക്കച്ചേരിയും നടക്കും. തിരുവാരൂർ ഭക്തവത്സലൻ, ആലപ്പുഴ ആർ. കരുണാമൂർത്തി, ഗിരിധർ ഉടുപ്പ എന്നിവരുടെ അകമ്പടിയോടെ മൈസൂർ നാഗരാജ്, ഡോ. മൈസൂർ മഞ്ജുനാഥ് എന്നിവർ വയലിനിൽ നയിക്കുന്ന ക്ലാസിക്കൽ ഇൻസ്ട്രുമെന്റൽ നൈറ്റാണ് മേയ് 12ന് ആസ്വാദകർക്കായി ഒരുക്കിയിട്ടുള്ളത്. മേയ് 13ന് രാജേഷ് വൈദ്യ, ഭുവനേഷ്, കുമാരൻ, മോഹൻ, സായ് ഹരി എന്നിവർ ചേർന്ന് അവതരിപ്പിക്കുന്ന കച്ചേരിയുണ്ടാകും. മേയ് 14ന് സരോദ് വിദഗ്ധരായ ഉസ്താദ് അംജദ് അലി ഖാൻ, അമൻ അലി ബംഗാഷ്, അയാൻ അലി ബംഗാഷ് എന്നിവരുടെ സംഗീത പരിപാടി അരങ്ങേറും. വാർത്തസമ്മേളനത്തിൽ പ്രോഗ്രാം കമ്മിറ്റി കൺവീനർ പ്രശാന്ത് ഗോവിന്ദപുരം, എം.പി രഘു, ദേവദാസ് കുന്നത്ത്, ആഷ്ലി കുര്യൻ, വർഗീസ് ജോർജ്, ഫിറോസ് തിരുവത്ര, വിനൂപ് കുമാർ, മഹേഷ് പിള്ള എന്നിവരും പങ്കെടുത്തു.

# 'പെരുന്നാൾ നിലാവ്' മേയ് രണ്ടിന്

**മനാമ:** പെരുന്നാളിനോടനുബന്ധിച്ച് ഇന്ത്യൻ ക്ലബ്, മീഡിയാരംഗ്, അറേബ്യൻ മെലഡീസ് എന്നിവയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന 'പെരുന്നാൾ നിലാവ്' ഈദ് ആഘോഷം മേയ് രണ്ടിന് വൈകീട്ട് ഏഴിന് ഇന്ത്യൻ ക്ലബ് ഗ്രൗണ്ടിൽ നടക്കുമെന്ന് സംഘാടകർ വാർത്തസമ്മേളനത്തിൽ അറിയിച്ചു. മാപ്പിളപ്പാട്ട് രംഗത്തെ പ്രഗത്ഭനും റേഡിയോ അവതാരകനുമായ യൂസഫ് കാരക്കാട്, റിയാലിറ്റി ഷോ വിധികർത്താവും ഗായികയുമായ ബെൻസീറാ തുടങ്ങിയവരുടെ നേതൃത്വത്തിൽ നടക്കുന്ന ആഘോഷപരിപാടിയിൽ പ്രവേശനം സൗജന്യമാണ്. പൊതുവേദിയിൽ സാധാരണക്കാർക്കുകൂടി ആസ്വദിക്കാൻ അവസരം ഒരുക്കിയാണ് സംഗീതപരിപാടി നടത്തുന്നതെന്ന് സംഘാടകർ പറഞ്ഞു.വാർത്തസമ്മേളനത്തിൽ ഇന്ത്യൻ ക്ലബ് ഭാരവാഹികൾക്ക് പുറമേ, പ്രോഗ്രാം ഡയറക്ടർ നിസാർ കുന്നംകുളത്തിങ്കൽ, രാജീവ് വെള്ളിക്കോത്ത്, പ്രോഗ്രാം കോഓഡിനേറ്റർമാരായ റംഷാദ് അയിലക്കാട്, സുബിനാസ് കിട്ടു എന്നിവരും പങ്കെടുത്തു.

BUSINESS NEWS





# സിഐഐ എക്സ്കോൺ റോഡ്ഷോ കൊച്ചിയിൽ സംഘടിപ്പിച്ചു

**കൊച്ചി:** കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സിഐഐ) എക്സ്കോൺ പ്രഖ്യാപനത്തിന്റെ ഭാഗമായി കൊച്ചിയിൽ റോഡ്ഷോ സംഘടിപ്പിച്ചു അതിൽ ഗവൺമെന്റിലെ മുതിർന്ന ഉദ്യോഗസ്ഥരും വ്യവസായ പ്രമുഖരും ഇൻഫ്രാസ്ട്രക്ചർ, കൺസ്ട്രക്ഷൻ ഉപകരണ മേഖലയിലെ പങ്കാളികളും പങ്കെടുത്തു. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സിഐഐ) സംഘടിപ്പിക്കുന്ന ദക്ഷിണേഷ്യയിലെ ഏറ്റവും വലിയ നിർമാണ സാമഗ്രികളുടെയും നിർമാണ സാങ്കേതിക വിദ്യയുടെയും വ്യാപാരമേളയായ എക്സ്കോൺ 2022 മെയ് 17 മുതൽ 21 വരെ ബെംഗളൂരുവിലെ ബാംഗ്ലൂർ ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിൽ നടക്കും. 3,00,000 ചതുരശ്ര മീറ്റർ ഡിസ്പ്ലേ ഏരിയയിൽ നടക്കാൻ പോകുന്ന എക്സ്കോൺ യുഎസ്എ, യുകെ, ഫ്രാൻസ്, ജർമ്മനി, ഇറ്റലി, യുഎഇ, ദക്ഷിണ കൊറിയ, സിംഗപ്പൂർ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങൾ ഉൾപ്പെടെ ഇന്ത്യയിൽ നിന്നും വിദേശത്തു നിന്നുമായി 1000 പ്രദർശകരെ ആകർഷിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 5 ദിവസത്തെ പ്രദർശനം ലോകമെമ്പാടുമുള്ള 40,000 ബിസിനസ് സന്ദർശകരെ ആകർഷിക്കും.എക്സ്കോൺ സ്റ്റിയറിംഗ് കമ്മിറ്റി അംഗവും ഷിംഗ് സ്റ്റെറ്റർ (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറുമായ വി ജി ശക്തി കുമാർ പറഞ്ഞു, "ഇത് എക്സ്കോണിന്റെ പതിനൊന്നാമത്തെ പതിപ്പാണ്, ഈ വർഷത്തെ ഞങ്ങളുടെ തീം "ഒരു പുതിയ ലോകത്തിനായി ഇന്ത്യയെ കെട്ടിപ്പടുക്കുക: മത്സരക്ഷമത, വളർച്ച, , സുസ്ഥിരത, സാങ്കേതികവിദ്യ എന്നിവയാണ്. 2030-ഓടെ ഇന്ത്യയെ നിർമ്മാണ ഉപകരണ നിർമ്മാണത്തിന്റെ ആഗോള കേന്ദ്രമാക്കി മാറ്റുക എന്ന കാഴ്ചപ്പാട് കൈവരിക്കുന്നതിന് ഇന്ത്യയുടെ അടിസ്ഥാന സൗകര്യ വികസനത്തിൽ സ്മാർട്ട് സാങ്കേതികവിദ്യകളുടെയും നവീകരണത്തിന്റെയും പങ്ക് എക്സ്കോൺ ഉദാഹരിക്കും. ഇന്ത്യൻ സിഇ വ്യവസായം നിലവിൽ ആഗോള സിഇ ലാൻഡ്സ്കേപ്പിൽ ഒരു പ്രധാന സ്ഥാനം വഹിക്കുന്നു. ഇന്ത്യാ ഗവൺമെന്റിന്റെ 111 ലക്ഷം കോടി രൂപയുടെ ദേശീയ ഇൻഫ്രാസ്ട്രക്ചർ പൈപ്പ്ലൈൻ, 2030-ഓടെ 25 ബില്യൺ യുഎസ് ഡോളറുമായി ലോകത്തിലെ രണ്ടാമത്തെ വലിയ സിഇ വിപണിയായി ഇന്ത്യൻ നിർമ്മാണ ഉപകരണ വ്യവസായത്തിന് മാറുമെന്ന് ശക്തി കുമാർ പറഞ്ഞു.''അടിസ്ഥാന സൗകര്യ പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കുന്നതിനായി ലോകോത്തര സാങ്കേതിക വിദ്യകൾ സ്വീകരിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നത് സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ ആവശ്യമാണ്. നിർമ്മാണ ഉപകരണ മേഖലയിലെ ലോകോത്തര കളിക്കാരുടെ സാന്നിധ്യമുള്ള എക്സ്കോൺ, ചെലവ് കുറഞ്ഞ പരിഹാരങ്ങൾക്കൊപ്പം മികച്ച ക്ലാസ് സാങ്കേതികവിദ്യകൾ നൽകുമെന്ന് മാത്രമല്ല, സിഇ വ്യവസായത്തിലെ ഏറ്റവും പുതിയ സംഭവവികാസങ്ങളെക്കുറിച്ച് എല്ലാ പങ്കാളികൾക്കിടയിലും കൂടുതൽ അവബോധം നൽകുകയും ചെയ്യുമെന്ന് ശ്രീ ജീമോൻ കോര, സിഐഐ കേരള ചെയർമാനും, മാൻ കൺകോർ ഇൻഗ്രീഡിയന്റ്സ് ലിമിറ്റഡ് പറഞ്ഞുഎക്സിബിഷനിലെ മുൻനിര നിർമ്മാണ ഉപകരണ നിർമ്മാതാക്കൾ യന്ത്രങ്ങളുടെ വൈദഗ്ധ്യം, നിർമ്മാണ സാങ്കേതികവിദ്യകളിലെ സങ്കീർണ്ണത എന്നിവ പ്രദർശിപ്പിക്കും, അതിലും പ്രധാനമായി ഗുണനിലവാരം, സുരക്ഷ, പാരിസ്ഥിതിക സുസ്ഥിരത എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കുന്നതിനായി ബിൽഡർമാർക്കും കരാറുകാർക്കും ചെലവ് കുറഞ്ഞ പരിഹാരങ്ങൾ പ്രദർശിപ്പിക്കും.




# 2022 ട്രയംഫ് ടൈഗർ 1200 ഇന്ത്യയിൽ ഉടൻ എത്തും

ട്രയംഫ് മോട്ടോർസൈക്കിൾസ് ഇന്ത്യ ടൈഗർ 1200 ലോഞ്ചിന് ഒരുങ്ങുകയാണ്. ഈ ലോഞ്ചിന് മുന്നോടിയായി ബൈക്കിന്റെ ടീസർ വീഡിയോ സോഷ്യൽ മീഡിയ ഹാൻഡിലുകളിൽ പുറത്തിറക്കി.ട്രയംഫ് മോട്ടോർസൈക്കിൾസ് ഇന്ത്യ ഈ മോട്ടോർസൈക്കിളിന്റെ പ്രീ-ബുക്കിംഗ് 2021 ഡിസംബറിൽ ആരംഭിച്ചിരുന്നു. മോട്ടോർസൈക്കിൾ ഇതിനകം അന്താരാഷ്ട്ര വിപണികളിൽ ലഭ്യമാണ്. അവിടെ റാലി, ജിടി എന്നീ രണ്ട് വേരിയന്റുകളിൽ ഇത് ലഭ്യമാണ്. ഇന്ത്യൻ വിപണിയിലും രണ്ട് വേരിയന്റുകളും കാണുമെന്ന് പ്രതീക്ഷിക്കുന്നു. റോഡ്-ബയാസ്ഡ് ജിടി ശ്രേണി ടൂറിംഗിനായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. റാലി മോഡൽ ഓഫ്-റോഡ് ഉപയോഗത്തിന് വേണ്ടിയുള്ളതാണ്. അങ്ങനെ, GT ശ്രേണിയിൽ 19 ഇഞ്ച് ഫ്രണ്ട്, 18 ഇഞ്ച് പിൻ അലോയ് വീലുകളും റാലി വേരിയന്റിനേക്കാൾ താരതമ്യേന ചെറിയ സസ്പെൻഷനും ഉപയോഗിക്കുന്നു. ഓഫ്-റോഡ് ബയേസ്ഡ് റാലി ശ്രേണിക്ക് ദൈർഘ്യമേറിയ യാത്രാ സസ്പെൻഷനും ക്രോസ്-സ്പോക്ക് ഡിസൈനോടു കൂടിയ 21 ഇഞ്ച് ഫ്രണ്ട്, 18 ഇഞ്ച് പിൻ വീലുകളും ലഭിക്കുന്നു. ഇരു വേരിയന്റുകളിലും മെക്കാനിക്കൽ സ്പെസിഫിക്കേഷനുകൾ സമാനമാണ്. യൂറോ 5-കംപ്ലയിന്റ് 1,160രര, ഇൻലൈൻ-ത്രീ സിലിണ്ടർ, ലിക്വിഡ്-കൂൾഡ് എഞ്ചിൻ 9,000rpm-Â 147bhp കരുത്തും 7,000rpm-Â 130ചാപീക്ക് ടോർക്കും ഉത്പാദിപ്പിക്കുന്നു. ഷാഫ്റ്റ് ഡ്രൈവ് സിസ്റ്റം വഴി പിൻ ചക്രത്തിലേക്ക് പവർ അയയ്ക്കുന്നു. പുതിയ ട്രയംഫ് ടൈഗർ 1200 ഇന്ത്യൻ വിപണിയിൽ ഡ്യൂക്കാറ്റി മൾട്ടിസ്ട്രാഡ V4, BMW R 1250 GS എന്നിവയ്ക്ക് എതിരാളിയാകും. കൂടാതെ, 2022 മോഡലിന് അതിന്റെ മുൻഗാമിയേക്കാൾ പ്രീമിയം പ്രീമിയവും 20 ലക്ഷം രൂപ മുതൽ (എക്സ്-ഷോറൂം) മുതൽ പ്രീമിയം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.




# ഏറ്റവും മൂല്യമുള്ള കമ്പനിയായി റിലയൻസ് വിപണിമൂല്യം 19 ലക്ഷംകോടി കടന്നു

**ന്യൂഡൽഹി:** രാജ്യത്തെ മൂലധന വിപണിയിൽ 19 ലക്ഷംകോടി രൂപ വിപണി മൂല്യം പിന്നിടുന്ന ആദ്യ കമ്പനിയായി റിലയൻസ് ഇൻഡസ്ട്രീസ്. ബുധനാഴ്ചയിലെ വ്യാപാരത്തിനിടെ ഓഹരി വില രണ്ടുശതമാനം കുതിച്ച് 2,827.10 എന്ന പുതിയ ഉയരത്തിലെത്തിയതോടെയാണിത്. ബി.എസ്.ഇയിലെ കണക്കുകൾ പ്രകാരം 19.02 ലക്ഷം കോടി രൂപയാണ് റിലയൻസിന്റെ വിപണിമൂല്യം. അതേസമയം, സെൻസെക്സ് 500 പോയന്റിലധികം ഇടിഞ്ഞിട്ടും റിലയൻസിൽ കുതിപ്പുണ്ടായത് ശ്രദ്ധേയാണ്. കഴിഞ്ഞ ഏഴ് വ്യാപാര ദിനങ്ങളിലായ റിലയൻസിന്റെ ഓഹരി വിലയിൽ 11 ശതമാനമാണ് നേട്ടമുണ്ടായത്. ഏപ്രിൽ 18ലെ വിലയായ 2,544 രൂപയിൽനിന്നാണ് ഈ കുതിപ്പ്. പെട്രോകെമിക്കൽസ്, ഓയിൽ ഗ്യാസ് പര്യവേഷണം, റീട്ടെയിൽ, ഡിജിറ്റൽ സേവനം, മീഡിയ തുടങ്ങിയമേഖലയിൽ സാന്നിദ്ധ്യമുള്ള റിലയൻസ്, രാജ്യത്തെതന്നെ വലിയ കമ്പനികളിലൊന്നാണ്.



# സെൽഫ് റിപ്പയറിങ് പദ്ധതിയുമായി ആപ്പിൾ: ഇനി വീട്ടിലിരുന്ന് നിങ്ങൾക്കും ഐഫോൺ റിപ്പയർ ചെയ്യാം

സെൽഫ് സർവീസ് റിപ്പയറിങ് പദ്ധതിയുമായി ആപ്പിൾ രംഗത്ത്. നിലവിൽ എ ഫോണുകൾക്ക് നൽകിയ ഈ സേവനം അമേരിക്കയിൽ മാത്രമാണ് ലഭ്യമാകുക. പുതിയ പ്രോഗ്രാമിന്റെ ഭാഗമായി ആപ്പിൾ സെൽഫ് റിപ്പയർ സ്റ്റോർ വഴി മാനുവലകളും പാർട്സ് ഉപകരണങ്ങളും നൽകുന്നുണ്ട്. ഈ വർഷം അവസാനത്തോടു കൂടി യൂറോപ്പിലും സെൽഫ് റിപ്പയറിങ് ടെക്നോളജി വ്യാപിപ്പിക്കാനാണ് ആപ്പിൾ ലക്ഷ്യമിടുന്നത്. ഐഫോൺ 12, ഐഫോൺ 13 ലൈനപ്പുകൾ, ഐഫോൺ എസ്ഐ എന്നിവയുടെ സ്ക്രീൻ, ബാറ്ററി, ക്യാമറ എന്നിവ നന്നാക്കാൻ ഉപഭോക്താക്കളെ സഹായിക്കുന്നതിന്, പുതുതായി നിലവിൽ വന്ന ഓൺലൈൻ ആപ്പിൾ സ്റ്റോർ ഇരുന്നൂറിലധികം പാട്സും ഉപകരണങ്ങളും വാഗ്ദാനം ചെയ്യുന്നുണ്ട്. കുപെർട്ടിനോ തലസ്ഥാനമായുള്ള ടെക് ഭീമൻമാരാണ് ആപ്പിൾ.



# 2022 Brezza -ൽ Maruti ഒരുക്കിയോക്കാവുന്ന പ്രധാന അപ്ഡേറ്റുകൾ ഇവയെല്ലാം

ഇന്ത്യൻ വിപണി ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന പുതിയ തലമുറ ബ്രെസ അടുത്ത മാസം (മെയ് 2022) പുറത്തിറക്കാൻ ഒരുങ്ങുകയാണ് മാരുതി സുസുക്കി.വാഹനത്തിന്റെ ഔദ്യോഗിക ലോഞ്ച് തീയതിയും വിശദാംശങ്ങളും ഇതുവരെ ബ്രാൻഡ് വെളിപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധിക്കേണ്ടതാണ്.റിപ്പോർട്ടുകൾ പ്രകാരം പുതുക്കിയ മോഡലിൽ വാഹന നിർമ്മാതാക്കൾ 'വിറ്റാര' എന്ന പ്രിഫിക്സ് ഒഴിവാക്കി വാഹനത്തിന് 'മാരുതി സുസുക്കി ബ്രെസ' എന്ന് പേരിടും. രൂപകല്പനയിലും ഫീച്ചറുകളിലും സബ്കോംപാക്ട് എസ്യുവി വലിയൊരു കുതിച്ചുചാട്ടം നടത്തും എന്നതിൽ സംശയമില്ല. വാസ്തവത്തിൽ, വാഹനത്തിന്റെ എഞ്ചിൻ മെക്കാനിസത്തിലും കാര്യമായ മാറ്റങ്ങൾ കമ്പനി വരുത്തും.പുതുതായി രൂപകൽപന ചെയ്ത ഫ്രണ്ട് ഗ്രില്ലും ഇന്റഗ്രേറ്റഡ് എൽഇഡി ഡിആർഎല്ലുകളോട് കൂടിയ പുതിയ ടിിൻ പോഡ് പ്രൊജക്ടർ എൽഇഡി ഹെഡ്ലാമ്പുകളും ഫീച്ചർ ചെയ്യുന്ന മെച്ചപ്പെടുത്തിയ സ്റ്റൈലിംഗുമായാണ് 2022 ബ്രെസ വരുന്നത്. മുന്നിലെയും പിന്നിലെയും ബമ്പറുകളും നിർമ്മാതാക്കൾ അപ്ഡേറ്റ് ചെയ്യും. പുതിയ ഫോഗ് ലാമ്പ് അസംബ്ലിയും പുതിയ ഫോക്സ് സ്കിഡ് പ്ലേറ്റും എസ്യുവിക്ക് ലഭിക്കും. നിലവിലുള്ള അലോയി വീലുകൾക്ക് പകരം പുതുതായി രൂപകൽപന ചെയ്ത യൂണിറ്റുകൾ സ്ഥാപിക്കും.പുതുക്കിയ ടെയിൽലാമ്ബുകൾ ഉപയോഗിച്ച് പിൻ പ്രൊഫൈൽ നിർമ്മാതാക്കൾ അപ്ഡേറ്റ് ചെയ്യും. പുതിയ തലമുറ മോഡൽ ലൈനപ്പിലേക്ക് കാർ നിർമ്മാതാക്കൾ നവീകരിച്ച കളർ സ്കീമുകളും അവതരിപ്പിച്ചേക്കാം.




# കർണാടകയെ തകർത്ത് കേരളം സന്തോഷ് ട്രോഫി ഫൈനലിൽ

**മഞ്ചേരി:** മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ ഗോൾമഴ കണ്ട ആദ്യ സെമിയിൽ കർണാടകയെ തകർത്ത് കേരളം സന്തോഷ് ട്രോഫി ഫൈനലിൽ. 10 ഗോളുകൾ പിറന്ന മത്സരത്തിൽ മൂന്നിനെതിരേ ഏഴു ഗോളുകൾക്കാണ് കേരളം കർണാടകയെ തകർത്തു വിട്ടത്. കേരളത്തിന്റെ 15-ാമത് സന്തോഷ് ട്രോഫി ഫൈനൽ ആണിത്.

30-ാം മിനിറ്റിൽ പകരക്കാരനായി ഇറങ്ങിയ ജെസിൻ അഞ്ചു ഗോളുകളുമായി കേരളത്തെ ഒറ്റയ്ക്ക് തോളിലേറ്റുകയായിരുന്നു. ഷിഗിൽ, അർജുൻ ജയരാജ് എന്നിവരാണ് കേരളത്തിന്റെ മറ്റ് സ്കോറർമാർ. വെള്ളിയാഴ്ച നടക്കുന്ന ബംഗാൾ - മണിപ്പൂർ സെമി ഫൈനൽ വിജയികളെ തിങ്കളാഴ്ച നടക്കുന്ന ഫൈനലിൽ കേരളം നേരിടും.

പഞ്ചാബിനെതിരായ അവസാന ഗ്രൂപ്പ് മത്സരത്തിൽനിന്ന് ഒരു മാറ്റവുമായാണ് കേരളം സെമിയിൽ കർണാടകയ്ക്കെതിരേ ആദ്യ ഇലവനെ ഇറക്കിയത്. കെ. സൽമാന് പകരം നിജോ ഗിൽബർട്ട് ടീമിൽ തിരിച്ചെത്തി.

കേരളത്തിന്റെ മുന്നേറ്റത്തോടെയാണ് മത്സരം ആരംഭിച്ചതെങ്കിലും പതിയെ താളം കണ്ടെത്തിയ കർണാടക കേരള ബോക്സിലേക്ക് പന്ത് എത്തിച്ചുകൊണ്ടിരുന്നു. ഇതിനിടെ കേരളത്തിന്റെ പല ഗോൾ ശ്രമങ്ങളും പാഴായിപ്പോകുന്നതിനും സ്റ്റേഡിയം സാക്ഷിയായി. 15,16 മിനിറ്റുകളിലെ കേരളത്തിന്റെ ശ്രമങ്ങൾ ഫലം കാണാതെ പോയി. 17-ാം മിനിറ്റിൽ കോർണറിൽനിന്നുള്ള സഹീഫിന്റെ ഗോൾശ്രമം കർണാടക ഗോൾകീപ്പർ കെവിൻ കോശി തടഞ്ഞു. തൊട്ടുപിന്നാലെ ഷിഗിലിന്റെ ഒരു ഷോട്ടും ഗോൾകീപ്പർ രക്ഷപ്പെടുത്തി.

കേരള മുന്നേറ്റങ്ങൾ ഫലം കാണാതെയിരിക്കുന്നതിനിടെ 25-ാം മിനിറ്റിൽ കേരളത്തെ ഞെട്ടിച്ച് കർണാടക മുന്നിലെത്തി. ഇടതു വിങ്ങിൽ നിന്ന് വന്ന ക്രോസ് ബോക്സിന് മുന്നിലുണ്ടായിരുന്ന സുധീർ ടാപ് ചെയ്ത് വലയിലെത്തിക്കുകയായിരുന്നു.

ഗോൾ വീണതിനു പിന്നാലെ 30-ാം മിനിറ്റിൽ കേരളം മുന്നേറ്റത്തിൽ വിഘ്നേഷിനെ പിൻവലിച്ച് ജെസിനെ കളത്തിലിറക്കി. ഇതോടെ കേരളത്തിന്റെ കളി തന്നെ മാറി. 33-ാം മിനിറ്റിൽ തന്നെ ജെസിൻ ഒരു ഗോൾശ്രമം നടത്തി. 34-ാം മിനിറ്റിൽ സുധീറിന്റെ പാസിൽ നിന്ന് കമലേഷിന്റെ ഷോട്ട് പുറത്തുപോയി.


35-ാം മിനിറ്റിൽ സ്റ്റേഡിയത്തെ പ്രകമ്പനം കൊള്ളിച്ച് കേരളത്തിന്റെ ആദ്യ ഗോളെത്തി. ബോക്സിലേക്ക് വന്ന പാസ് കർണാടക ഡിഫൻഡറെയും ഗോൾകീപ്പറെയും മറികടന്ന് ജെസിൻ വലയിലെത്തിക്കുകയായിരുന്നു. ജെസിൻ എത്തിയതോടെ കേരള ആക്രമണങ്ങൾക്ക് ജീവൻ വെച്ചു. 42-ാം മിനിറ്റിൽ ജെസിൻ കേരളത്തിന്റെ രണ്ടാം ഗോളും നേടി. ഇത്തവണയും ജെസിന്റെ ഒറ്റയാൾ മുന്നേറ്റമാണ് ഗോളിൽ കലാശിച്ചത്. പിന്നാലെ 45-ാം മിനിറ്റിൽ ജെസിൻ ഹാട്രിക്ക് തികച്ചു. ഇടതു വിങ്ങിൽ നിന്ന് നിജോ ഗിൽബർട്ടിന്റെ ഷോട്ട് കീപ്പർ തട്ടിയകറ്റി. ബോക്സിന് തൊട്ടുമുന്നിലുണ്ടായിരുന്ന ജെസിൻ പന്ത് അനായാസം വലയിലെത്തിക്കുകയായിരുന്നു. പിന്നാലെ ആദ്യ പകുതിയുടെ അധിക സമയത്ത് ഷിഗിൽ കേരളത്തിന്റെ ഗോൾ നേട്ടം നാലാക്കി ഉയർത്തി. വലതുവിങ്ങിലൂടെയുള്ള നിജോയുടെ മുന്നേറ്റമാണ് ഈ ഗോളിനും വഴിവെച്ചത്. കർണാടക കീപ്പർ തട്ടിയകറ്റിയ പന്ത് ഷിഗിൽ വെട്ടിത്തിരിഞ്ഞൊരു ഷോട്ടിലൂടെ വലയിലെത്തിക്കുകയായിരുന്നു.


രണ്ടാം പകുതിയുടെ തുടക്കത്തിലും കേരളത്തിന് തന്നെയായിരുന്നു മുൻതൂക്കം. എന്നാൽ 54-ാം മിനിറ്റിൽ കമലേഷ് മികച്ചൊരു ലോങ് റേഞ്ചറിലൂടെ കർണാടകയുടെ രണ്ടാം ഗോൾ നേടി. മൈതാന മധ്യത്തു നിന്ന് കമലേഷ് അടിച്ച പന്ത് കേരള ഗോൾകീപ്പർ മിഥുനെ മറികടന്ന് വലയിലെത്തുകയായിരുന്നു. പിന്നാലെ 55-ാം മിനിറ്റിൽ ജെസിൻ കേരളത്തിനായി വീണ്ടും വലകുലുക്കി. കർണാടക ഡിഫൻഡറിൽ നിന്നും പന്ത് റാഞ്ചി ഒറ്റയ്ക്ക് മുന്നേറിയ ജെസിൻ ഗോൾകീപ്പർക്ക് യാതൊരു അവസരവും കൊടുക്കാതെ പന്ത് വലയിലെത്തിക്കുകയായിരുന്നു. മത്സരത്തിൽ ജെസിന്റെ നാലാം ഗോളായിരുന്നു ഇത്.

62-ാം മിനിറ്റിൽ അർജുൻ ജയരാജ് കേരളത്തിന്റെ ആറാം ഗോൾ കണ്ടെത്തി. പോസ്റ്റിന്റെ വലത് ഭാഗത്തുനിന്ന് അർജുൻ അടിച്ച പന്ത് കർണാടക ഡിഫൻഡറുടെ കാലിൽ തട്ടി ഗതിമാറി ഗോൾകീപ്പർക്ക് യാതൊരു അവസരവും നൽകാതെ വലയിലെത്തുകയായിരുന്നു.

72-ാം മിനിറ്റിൽ സൊലെയ്മലെയ് ബോക്സിന് പുറത്തു നിന്ന് കിടിലനൊരു ഷോട്ടിലൂടെ കർണാടകയുടെ ഗോൾനേട്ടം മൂന്നാക്കി. തൊട്ടുപിന്നാലെ 75-ാം മിനിറ്റിൽ ജെസിൻ കളിയിലെ തന്റെ അഞ്ചാമത്തെയും കേരളത്തിന്റെ ഏഴാമത്തെയും ഗോൾ സ്വന്തമാക്കി. നൗഫൽ നൽകിയ കിറുകൃത്യം പാസ് ജെസിൻ അനായാസം വലയിലെത്തിച്ചു. ഇതോടെ ടൂർണമെന്റിൽ ആറു ഗോളുമായി ജെസിൻ ഗോൾവേട്ടക്കാരിൽ മുന്നിലെത്തി. അഞ്ചു ഗോളുകളുമായി കേരള ക്യാപ്റ്റൻ ജിജോ ജോസഫാണ് രണ്ടാം സ്ഥാനത്ത്.

EDITORS CHOICE





# മനസാക്ഷിയില്ലാത്ത വില്ലൻ; സലീം ഘൗസിന്റെ രാജുവിനെ ഓർക്കുമ്പോൾ

രാജുവിന്റെ മുഖം ഒരു വേട്ടക്കാരന്റേതായിരുന്നു. ഇരയെ പിടിക്കാൻ അയാൾ പതിയിരുന്നു. സാഹചര്യവും സന്ദർഭവും ഒത്തു വന്നപ്പോൾ അയാൾ ഇരയ്ക്കരികിൽ ചീറിയടുത്തു. വേട്ടയിൽ വിജയശ്രീലാളിതനായി അയാൾ എങ്ങോ മാഞ്ഞു പോയി. ആത്മാർഥ സുഹൃത്തിനെ ചതിക്കുന്നതിൽ യാതൊരു സങ്കോചവുമില്ലാത്ത, കണക്കുകൂട്ടലുകൾ തെറ്റാത്ത, മനസാക്ഷിയില്ലാത്ത ക്രൂരൻ. അതായിരുന്നു രാജു. ഭരതന്റെ സംവിധാനത്തിൽ 1990 ൽ പുറത്തിറങ്ങിയ താഴ്വാരത്തിലെ രാജു എന്ന വില്ലനെ സലീം ഘൗസ് എന്ന അന്യഭാഷ നടനിൽ ഏൽപ്പിച്ചപ്പോൾ ഭരതന്റെ കണക്കുകൂട്ടലുകൾ പിഴച്ചില്ല. ബാലനായുള്ള മോഹൻലാലിന്റെ പ്രകടനത്തോട് കിടിപിടിക്കുന്നതായിരുന്നു സലീമിന്റെ രാജുവും. മലയാളത്തിലെ എക്കാലത്തെയും മികച്ച വില്ലൻ വേഷങ്ങളിലും മുൻനിരയിൽ തന്നെയാണ് സലീം ഘൗസിന്റെ സ്ഥാനം. ഹൃദയാഘാതത്തെ തുടർന്ന് സലീം ഘൗസ് വിടപറഞ്ഞുവെങ്കിലും മലയാളികളുടെ ഓർമയിൽ രാജുവിന് മരണമില്ല.

ചെന്നൈയിൽ ജനിച്ച സലീം ഘൗസിന് കൗമാരകാലം മുതലാണ് അഭിനയമോഹം തലയ്ക്ക് പിടിക്കുന്നത്. നാടകങ്ങളിലൂടെയായിരുന്നു തുടക്കം. ആയോധനകലയിൽ പരിശീലനം നേടിയതും തന്നിലെ നടനെ പരിപോഷിക്കാൻ ഉതകുമെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചതുകൊണ്ടാണ്. കോളേജ് കാലഘട്ടത്തിലാണ് സലീം ഘൗസ് സിനിമയിൽ ആകൃഷ്ടനാകുന്നത്. ചെന്നൈയിലെ വിദ്യാഭ്യാസത്തിന് ശേഷം പൂനെ ഫിലിം ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് പഠനം പൂർത്തിയാക്കി. അഭിനയിക്കാൻ അവസരങ്ങൾക്കായി അദ്ദേഹം മുംബൈയിലെ സ്റ്റുഡിയോകളിൽ കയറിയിറങ്ങി. തുടക്കത്തിൽ നിരാശയായിരുന്നു ഫലമെങ്കിലും 1978-ൽ പുറത്തിറങ്ങിയ സ്വർഗ് നരക് എന്ന ചിത്രം അരങ്ങേറ്റത്തിന് വഴി തുറന്നു.ഒരു വിദ്യാർഥിയുടെ വേഷത്തിലാണ് അദ്ദേഹം അഭിനയിച്ചത്. ചക്രയായിരുന്നു രണ്ടാമത്തെ ചിത്രം.

കൊയ്‌ല, ത്രികാൽ, ദ്രോഹി, സോൾജ്യർ, ഇന്ത്യൻ, ചാണക്യ തുടങ്ങി വ്യത്യസ്ത ഭാഷകളിൽ നാൽപ്പതോളം ചിത്രങ്ങളിൽ വേഷമിട്ടു. പ്രതാപ് പോത്തൻ സംവിധാനം ചെയ്ത 'വെട്രിവിഴ' എന്ന ചിത്രത്തിൽ കമൽഹാസന്റെ വില്ലനായി അദ്ദേഹം അഭിനയിച്ചത് ഏറെ ശ്രദ്ധനേടിയിരുന്നു. 1997 ൽ മണിരത്നം സംവിധാനം ചെയ്ത തിരുട തിരുട എന്ന ചിത്രത്തിലെ ടിടി വിക്രം എന്ന വില്ലൻ സലീം ഘൗസിന്റെ അഭിനയ ജീവിതത്തിലെ മികച്ച കഥാപാത്രങ്ങളിലൊന്നാണ്. ഭദ്രൻ സംവിധാനം ചെയ്ത ഉടയോൻ ആണ് അവസാന മലയാള ചിത്രം. പെരുമാൾ എന്ന കഥാപാത്രത്തെയാണ് ചിത്രത്തിൽ അദ്ദേഹം അവതരിപ്പിച്ചത്. കാ എന്ന തമിഴ് ചിത്രത്തിലാണ് ഏറ്റവും ഒടുവിൽ വേഷമിട്ടത്. ചിത്രം പുറത്തിറങ്ങിയിട്ടില്ല. സിനിമയ്ക്ക് പുറമേ സുഭാഹ്, എക്സ് സോൺ തുടങ്ങി സീരിയലുകളിലും വേഷമിട്ടു. അഭിനയത്തിന് പുറമേ ഡബ്ബിങ്ങിലും മികച്ച് തെളിയിച്ച വ്യക്തിയായിരുന്നു സലീം ഘൗസ്. ഹിന്ദിയിലേക്ക് മൊഴിമാറ്റിയപ്പോൾ ഹോളിവുഡ് ചിത്രങ്ങളായ 300 ൽ കിങ് ലിയോനിഡാസിനും ദ ലയൺ കിങിൽ സ്കാറിനും ശബ്ദം നൽകിയത് സലീം ഘൗസായിരുന്നു.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com